


# കെ കെ എം ഗവ: വി എച്ച് എസ് എസ്
# ഓർക്കാട്ടേരി
# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 - 26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

കെ കെ എം ഗവ: വി എച്ച് എസ് എസ്

ഓർക്കാട്ടേരി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## കെ കെ എം ഗവ: വി എച്ച് എസ് എസ്

## ഓർക്കാട്ടേരി

## 2025 – 26

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 5 |
| വിദ്യാലയ ചരിത്രം | 6 |
| അവസ്ഥാ വിശകലനം | 7 – 20 |
| പ്രവർത്തനപദ്ധതി വിശകലനം | 16 |
| മലയാളം | 16 –22 |
| സംസ്കൃതം | 23 –24 |
| അറബി | 25–27 |
| ഇംഗ്ലീഷ് | 28 –30 |
| ഹിന്ദി | 32 –36 |
| സാമൂഹ്യ ശാസ്ത്രം | 37 –40 |
| അടിസ്ഥാന ശാസ്ത്രം | 41 –42 |
| ഗണിത ശാസ്ത്രം | 43–44 |
| കല | 45 –46 |
| കായികം | 47 –48 |
| പ്രവർത്തി പരിചയം | 49 –50 |
| ദിനാചരണങ്ങൾ | 51 –57 |

# ആമുഖം

ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് നമ്മുടെ ദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വെച്ച് ഗവൺമെന്റ് ഹൈസ്കൂൾ ഓർക്കാട്ടേരി എന്ന പേരിൽ 1961 ൽ സ്ഥാപിതമായ ഏറാമല പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആണിത്. 1989 ൽ വൊക്കേഷണൽ ഹയർ സെക്കൻഡറിയും 2000 ൽ ഹയർ സെക്കൻഡറിയും ഇവിടെ അനുവദിക്കപ്പെട്ടു. സ്കൂൾ സ്ഥാപിക്കാൻ നേതൃത്വം കൊടുത്ത ഗാന്ധിയനും സ്വാതന്ത്ര്യ സമര സേനാനിയുമായ കെ. കുഞ്ഞിരാമക്കുറുപ്പിന്റെ നാമധേയത്തിലാണ് വിദ്യാലയം അറിയപ്പെടുന്നത്. വിവിധ വിഭാഗങ്ങളിലായി രണ്ടായിരത്തോളം വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 2025–26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സബ്ജക്ട് കൗൺസിൽ, എസ് ആർ ജി എന്നിവ ചേർന്ന് ചർച്ച ചെയ്യുകയും കൃത്യമായ പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി അധ്യയനത്തോടൊപ്പം പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം കുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ പോഷണം ഉൾപ്പെടെ ലക്ഷ്യമിട്ട് ആവിഷ്കരിച്ച ബൃഹത്തായ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

**ഹെഡ്മിസ്ട്രസ്**

**സീന കെ എസ്**

# വിദ്യാലയ ചരിത്രം

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിന് വടക്ക ഭാഗത്തായി സ്ഥിതിചെയ്യുന്ന ഏറാമല പഞ്ചായത്തിലാണ് നമ്മുടെ വിദ്യാലയമായ കെ കുഞ്ഞിരാമക്കുറുപ്പ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1961 ജൂൺ അഞ്ചാം തിയ്യതി അന്നത്തെ മുഖ്യമന്ത്രിയായ പട്ടം താണുപ്പിള്ള അനുവദിച്ചതാണീ വിദ്യാലയം. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന കെ കുഞ്ഞിരാമക്കുറുപ്പ് തനിക്ക് അനുവദിച്ചുകിട്ടിയ ഈ വിദ്യാലയം സർക്കാർ തലത്തിൽ കൊണ്ട് വരാൻ ശ്രമിച്ച ത്യാഗിയായ മനുഷ്യസ്നേഹിയായിരുന്നു.

ആദിയൂരിലെ ചകിരിക്കമ്പനിയുടെ ഷെഡിൽ 58 വിദ്യാർത്ഥികളുമായി ഏകാധ്യാപക വിദ്യാലയമായി ഓർക്കാട്ടേരി ഗവൺമെന്റ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീ. വി ഗോപാലക്കുറുപ്പ് ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ശ്രീ.കെ കുഞ്ഞിരാമക്കുറുപ്പ് ചെയർമാനും വി.കെ കുഞ്ഞികൃഷ്ണൻ നമ്പ്യാർ സെക്രട്ടറിയുമായ കമ്മറ്റി സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കെ. ടി. ഗോവിന്ദൻ നമ്പ്യാർ, തൊട്ടവക്കൽ ശങ്കരൻ, പി. പി കുഞ്ഞബ്ദുള്ള ഹാജി, എം. ഇബ്രാഹിം ഹാജി, സി. ശങ്കരൻ നമ്പ്യാർ, ഞേറലാട്ട് അനന്തൻ, കെ. പി ഗോപാലൻ, വളപ്പിൽ പൊക്കൻ, ടി കുഞ്ഞിക്കേളു, ഇളങ്ങോത്ത് അച്യുതൻ, ചെമ്പ്ര ബാലൻ നമ്പ്യാർ തുടങ്ങിയവരായിരുന്നു കമ്മറ്റി അംഗങ്ങൾ. സ്കൂളിനാവശ്യമായ 2 ഏക്കർ സ്ഥലം സംഭാവനയായി നൽകിയത് കെ. കുഞ്ഞിരാമക്കുറുപ്പ്, കെ ടി ഗോവിന്ദൻ നമ്പ്യാർ, തൊട്ടവക്കൽ ശങ്കരൻ, എം ഇബ്രാഹിം ഹാജി, പി. പി കുഞ്ഞബ്ദുള്ള ഹാജി എന്നീ 5 പേർ ചേർന്നായിരുന്നു. ഇതിനുവേണ്ടി ആദിയൂരിലെ പ്രസിദ്ധമായ ചെമ്പ്രക്കുന്ന് തയ്യിൽ ചാത്തുവിൽ നിന്ന് മുഴുവനായും വിലക്ക് വാങ്ങുകയും സ്കൂളിന് ആവശ്യമായ സ്ഥലം സർക്കാരിന് സംഭാവന ചെയ്യുകയുമായിരുന്നു. സ്കൂളിലേക്ക് കുടിവെള്ളത്തിനാവശ്യമായ കിണർ കുഴിക്കാനുള്ള സ്ഥലം സംഭാവനയായി നൽകിയത് കസ്തൂരിക്കുനി മൊയ്തുഹാജിയാണ്.

1961 ജൂൺ 5 ന് സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ശ്രീമതി എ. വി. കുട്ടിമാളു അമ്മ ഭദ്രദീപം കൊളുത്തി സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു.

# അവസ്ഥാ വിശകലനം

## കുട്ടികൾ

| ക്ലാസ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|
| 8 | 84 | 93 | 177 |
| 9 | 108 | 106 | 214 |
| 10 | 100 | 96 | 196 |
| മൊത്തം | 292 | 295 | 587 |

## ക്ലാസുകൾ

| ക്ലാസ് | ഡിവിഷനുകൾ | | | | | | |
|---|---|---|---|---|---|---|---|
| 8 | A | B | C | D | E | F | |
| 9 | A | B | C | D | E | | |
| 10 | A | B | C | D | E | | |

## ഹെഡ്മിസ്ട്രസ്

| സീന കെ എസ് |
|---|

## ഓഫീസ് സ്റ്റാഫ്സ്

| ക്രമ നമ്പർ | ഓഫീസ് സ്റ്റാഫ് | തസ്തിക | സ്ഥിരം / താത്കാലികം |
|---|---|---|---|
| 1 | ബിന്ദു പി | സീനിയർ ക്ലർക്ക് | സ്ഥിരം |
| 2 | സജീഷ് സി പി | ഓഫീസ് അറ്റന്റന്റ് | സ്ഥിരം |
| 3 | പ്രദീപ് കുമാർ കെ | ഓഫീസ് അറ്റന്റന്റ് | സ്ഥിരം |
| 4 | ജിഷ എ കെ | എഫ്. ടി. എം. | താത്കാലികം |

# അധ്യാപകർ

| ക്രമ നമ്പർ | അധ്യാപകർ | വിഷയം | സ്ഥിരം / താത്കാലികം |
|---|---|---|---|
| 1 | അഖിലേന്ദ്രൻ ടി | മലയാളം | സ്ഥിരം |
| 2 | അനിത സി കെ | മലയാളം | സ്ഥിരം |
| 3 | ഷിഞ്ചു പി പി | മലയാളം | സ്ഥിരം |
| 4 | നസ്രിയ പി പി | മലയാളം | താത്കാലികം |
| 5 | അനുപമ കെ | സംസ്കൃതം | സ്ഥിരം |
| 6 | നസീമ പി കെ | അറബി | സ്ഥിരം |
| 7 | സീമ പി | ഇംഗ്ലീഷ് | സ്ഥിരം |
| 8 | ശ്രീജേഷ് കെ പി | ഇംഗ്ലീഷ് | സ്ഥിരം |
| 9 | പ്രജിത എം പി | ഇംഗ്ലീഷ് | സ്ഥിരം |
| 10 | ജയ വി എസ് | ഇംഗ്ലീഷ് | സ്ഥിരം |
| 11 | ശിഗേഷ് ജി എസ് | ഹിന്ദി | സ്ഥിരം |
| 12 | ആബിദ | ഹിന്ദി | സ്ഥിരം |
| 13 | വിജേഷ് പി ടി | സോഷ്യൽ സയൻസ് | സ്ഥിരം |
| 14 | സജീവൻ പി പി | സോഷ്യൽ സയൻസ് | സ്ഥിരം |
| 15 | സജിത്ത് എം കെ | സോഷ്യൽ സയൻസ് | സ്ഥിരം |
| 16 | നിഷ | സോഷ്യൽ സയൻസ് | സ്ഥിരം |
| 17 | അഞ്ജന കെ | ഫിസിക്കൽ സയൻസ് | സ്ഥിരം |
| 18 | ബിജി ബി കെ | ഫിസിക്കൽ സയൻസ് | സ്ഥിരം |
| 19 | അഞ്ജന ആർ നായർ | ഫിസിക്കൽ സയൻസ് | സ്ഥിരം |
| 20 | സുനിൽ കുമാർ പി | നാച്ചുറൽ സയൻസ് | സ്ഥിരം |
| 21 | രജിത എം | നാച്ചുറൽ സയൻസ് | സ്ഥിരം |
| 22 | സലീഷ് കുമാർ എം പി | ഗണിതം | സ്ഥിരം |
| 23 | ഇന്ദു കെ | ഗണിതം | സ്ഥിരം |
| 24 | ഇസ്മയിൽ കിഴക്കയിൽ | ഗണിതം | സ്ഥിരം |
| 25 | ജിഷ കെ | ഗണിതം | സ്ഥിരം |
| 26 | അശ്വതി പി കെ | പ്രവർത്തി പരിചയം | സ്ഥിരം |
| 27 | ദിനേശൻ | കായികം | താത്കാലികം |
| 28 | നൗഫൽ ബാബു | കല (സംഗീതം) | സ്ഥിരം |

# ക്ലാസ് ചാർജ് വഹിക്കുന്ന അധ്യാപകർ

| ക്രമ നമ്പർ | ക്ലാസ് | അധ്യാപകർ |
|---|---|---|
| 1 | 8 A | ജിഷ കെ |
| 2 | 8 B | അഞ്ജന ആർ നായർ |
| 3 | 8 C | ഇന്ദു കെ |
| 4 | 8 D | ഷിഞ്ജു പി പി |
| 5 | 8 E | നിഷ |
| 6 | 8 F | നൗഫൽ ബാബു |
| 7 | 9 A | രജിത എം |
| 8 | 9 B | ജയ വി എസ് |
| 9 | 9 C | സീമ |
| 10 | 9 D | സജിത്ത് എം കെ |
| 11 | 9 E | നസീമ പി കെ |
| 12 | 10 A | ബിജി ബി കെ |
| 13 | 10 B | ആബിദ |
| 14 | 10 C | ശിഗേഷ് ജി എസ് |
| 15 | 10 D | സലീഷ് കുമാർ എം പി |
| 16 | 10 E | ഇസ്മയിൽ കിഴക്കയിൽ |

# ചുമതല വഹിക്കുന്ന അധ്യാപകർ

| ക്രമ നമ്പർ | അധ്യാപകർ | ചുമതല |
|---|---|---|
| 1 | സീന കെ എസ് | ഹെഡ്മിസ്ട്രസ് |
| 2 | സുനിൽ കുമാർ പി | സീനിയർ അസിസ്റ്റന്റ്<br>പരീക്ഷ കമ്മിറ്റി കൺവീനർ<br>അച്ചടക്ക കമ്മിറ്റി അംഗം<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി അംഗം<br>നിർമ്മാണ കമ്മിറ്റി അംഗം<br>അക്കാദമിക് കമ്മിറ്റി അംഗം |
| 3 | അഖിലേന്ദ്രൻ ടി | സ്റ്റാഫ് സെക്രട്ടറി<br>ഗാന്ധി ദർശൻ ക്ലബ് കൺവീനർ<br>അച്ചടക്ക കമ്മിറ്റി കൺവീനർ<br>സ്കൂൾ ഡയറി<br>പബ്ലിക് റിലേഷൻസ് കൺവീനർ<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി അംഗം<br>അക്കാദമിക് കമ്മിറ്റി അംഗം<br>നിർമ്മാണ കമ്മിറ്റി അംഗം |
| 4 | പ്രജിത എം പി | ഉച്ച ഭക്ഷണ കമ്മിറ്റി കൺവീനർ<br>അച്ചടക്ക കമ്മിറ്റി അംഗം<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി അംഗം |
| 5 | സലീഷ് കുമാർ എം പി | എഡ്യൂകെയർ കോ–ഓർഡിനേറ്റർ<br>അച്ചടക്ക കമ്മിറ്റി അംഗം<br>കായിക മേള കമ്മിറ്റി അംഗം<br>ടൈം ടേബിൾ കമ്മിറ്റി അംഗം<br>അക്കാദമിക് കമ്മിറ്റി അംഗം<br>നിർമ്മാണ കമ്മിറ്റി അംഗം<br>ടൂർ കമ്മിറ്റി കൺവീനർ<br>ജോയിന്റ് എസ്. ഐ. ടി. സി.<br>NMMS പരിശീലനം |

| | | |
|---|---|---|
| 6 | ശ്രീജേഷ് കെ പി | എസ്. ഐ. ടി. സി.<br>ഐ. ടി. സബ്ജക്ട് കൗൺസിൽ കൺവീനർ<br>ഐ. ടി. മേള<br>സ്കൂൾ വിക്കി<br>ടൈം ടേബിൾ കമ്മിറ്റി കൺവീനർ<br>പബ്ലിക് റിലേഷൻസ് കമ്മിറ്റി അംഗം<br>ടൂർ കമ്മിറ്റി അംഗം |
| 7 | അനിത സി കെ | വിദ്യാരംഗം കലാ സാഹിത്യ വേദി കൺവീനർ<br>കൈറ്റ് മിസ്ട്രസ് (ലിറ്റിൽ കൈറ്റ്)<br>ലൈബ്രറി<br>മലയാളം സബ്ജക്ട് കൗൺസിൽ കൺവീനർ |
| 8 | ഷിഞ്ചു പി പി | CLAP പ്രോഗ്രാം കൺവീനർ<br>പുലർക്കാലം പ്രോഗ്രാം കൺവീനർ<br>ശ്രദ്ധാ പദ്ധതി കൺവീനർ<br>ഗൈഡ്സ് ക്യാപ്റ്റൻ<br>ബസ് കമ്മിറ്റി അംഗം |
| 9 | അനുപമ കെ | എസ്. പി. സി.<br>സംസ്കൃതം ക്ലബ് കൺവീനർ<br>സംസ്കൃതം സബ്ജക്ട് കൗൺസിൽ കൺവീനർ<br>സംസ്കൃതം കലോത്സവം<br>അച്ചടക്ക കമ്മിറ്റി അംഗം<br>പബ്ലിക് റിലേഷൻസ് കമ്മിറ്റി അംഗം |
| 10 | നസീമ പി കെ | അറബി ക്ലബ് കൺവീനർ<br>അറബി സബ്ജക്ട് കൗൺസിൽ കൺവീനർ<br>അറബി കലോത്സവം<br>കലോത്സവ കമ്മിറ്റി അംഗം |
| 11 | സീമ പി | സീഡ് പരിസ്ഥിതി ക്ലബ് കൺവീനർ<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി കൺവീനർ<br>ഇംഗ്ലീഷ് ക്ലബ് കൺവീനർ<br>പരീക്ഷ കമ്മിറ്റി അംഗം |

| | | |
|---|---|---|
| 12 | ജയ വി എസ് | ഉച്ച ഭക്ഷണ കമ്മിറ്റി  അംഗം<br>ഇംഗ്ലീഷ് സബ്ജക്ട് കൗൺസിൽ കൺവീനർ<br>JRC<br>സ്കൂൾ സുരക്ഷാ സമിതിയംഗം |
| 13 | ശിഗേഷ് ജി എസ് | ഹിന്ദി സബ്ജക്ട് കൗൺസിൽ കൺവീനർ<br>എൻ.എസ്.പി. നോഡൽ ഓഫീസർ<br>സഞ്ചയിക കോ–ഓർഡിനേറ്റർ<br>ഐ. ടി ലാബ് കോ–ഓർഡിനേറ്റർ<br>ടൈം ടേബിൾ കമ്മിറ്റി അംഗം<br>പബ്ലിക് റിലേഷൻസ് കമ്മിറ്റി അംഗം |
| 14 | ആബിദ | ജാഗ്രത സമിതി കൺവീനർ<br>ഹിന്ദി ക്ലബ് കൺവീനർ<br>അച്ചടക്ക കമ്മിറ്റി അംഗം<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി അംഗം |
| 15 | വിജേഷ് പി ടി | ബസ് കമ്മിറ്റി കൺവീനർ<br>വിമുക്തി ക്ലബ് കൺവീനർ<br>ജനാധിപത്യ വേദി<br>ഡിസാസ്റ്റർ മാനേജ്മെന്റ്<br>സ്കൂൾ സുരക്ഷാ സമിതിയംഗം |
| 16 | സജീവൻ പി പി | എസ്. പി. സി.<br>ടൂർ കമ്മിറ്റി അംഗം<br>അച്ചടക്ക കമ്മിറ്റി അംഗം<br>കായിക മേള കമ്മിറ്റി അംഗം<br>സോഷ്യൽ സയൻസ് ക്ലബ് കൺവീനർ |
| 17 | സജിത്ത് എം കെ | സ്റ്റോർ<br>അസംബ്ലി<br>നിർമ്മാണ കമ്മിറ്റി കൺവീനർ<br>അച്ചടക്ക കമ്മിറ്റി അംഗം |
| 18 | അഞ്ജന കെ | വൈ. ഐ. പി കൺവീനർ<br>ശാസ്ത്രരംഗം കൺവീനർ |

| | | |
|---|---|---|
| 19 | ബിജി ബി കെ | ഫിസിക്കൽ സയൻസ് സബ്ജക്ട് കൗൺസിൽ കൺവീനർ<br>സയൻസ് ലാബ്<br>ഇൻസ്പെയർ<br>ശാസ്ത്ര മേള<br>ശാസ്ത്ര രംഗം<br>സയൻസ് ക്ലബ് കൺവീനർ |
| 20 | അഞ്ജന ആർ നായർ | എനർജി ക്ലബ് കൺവീനർ<br>ശാസ്ത്ര മേള |
| 21 | രജിത എം | സഞ്ചയിക അക്കൗണ്ടന്റ്<br>ഹെൽത്ത് ,ഫസ്റ്റ് എയ്ഡ്<br>നാച്യുറൽ സയൻസ് സബ്ജക്ട് കൗൺസിൽ കൺവീനർ<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി അംഗം |
| 22 | ഇന്ദു കെ | ഗണിതം സബ്ജക്ട് കൗൺസിൽ കൺവീനർ<br>ഗൈഡ്സ് ക്യാപ്റ്റൻ<br>ബസ് കമ്മിറ്റി അംഗം |
| 23 | ഇസ്മയിൽ കിഴക്കയിൽ | എസ്. ആർ. ജി. കൺവീനർ<br>ടൈം ടേബിൾ കമ്മിറ്റി അംഗം<br>അക്കാദമിക് കമ്മിറ്റി കൺവീനർ<br>സ്കൂൾ സുരക്ഷാ സമിതിയംഗം |
| 24 | ജിഷ കെ | കലോത്സവ കമ്മിറ്റി അംഗം<br>സഞ്ചയിക അക്കൗണ്ടന്റ്<br>ഗണിതം ക്ലബ് കൺവീനർ<br>ഗണിതശാസ്ത്ര മേള<br>NMMS പരിശീലനം |
| 26 | നിഷ | സോഷ്യൽ സയൻസ് സബ്ജക്ട് കൗൺസിൽ കൺവീനർ<br>ഉച്ച ഭക്ഷണ കമ്മിറ്റി  അംഗം |
| 27 | അശ്വതി പി കെ | പ്രവർത്തി പരിചയ മേള<br>ആരോഗ്യ ക്ലബ് കൺവീനർ<br>ലേഡി സ്കൗട്ട് മാസ്റ്റർ |

| | | |
|---|---|---|
| 28 | ദിനേശൻ | കായിക മേള കൺവീനർ |
| 29 | നൗഫൽ ബാബു | കലോത്സവ കമ്മിറ്റി കൺവീനർ<br>സ്കൗട്ട് മാസ്റ്റർ |
| 30 | സരിത കെ | സൈക്കോ-സോഷ്യൽ സ്കൂൾ കൗൺസലർ<br>ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റി അംഗം |
| 31 | ശ്രീവിദ്യ | സ്പെഷ്യൽ എഡ്യുക്കേറ്റർ |

## ഭൗതിക സാഹചര്യം

നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ നിലവാരം പുലർത്തുന്ന പന്ത്രണ്ട് മുറികളാണ് ഉള്ളത്. ഇതിൽ ഒൻപത് മുറികൾ (മൂന്ന് നിലകളിലായി) ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ്. ഇതിൽ അഞ്ച് ക്ലാസ് മുറികൾ ഹൈടെക് നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള മുറികളിൽ ഹൈസ്കൂൾ ഓഫിസ്, സ്റ്റാഫ്സ് റൂം, ഐ ടി ലാബ്, ലൈബ്രറി, സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നു. ശ്രീ. എം. പി. വീരേന്ദ്രകുമാറിന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച അരക്കോടി രൂപ ഉപയോഗിച്ച് മൂന്ന് നിലകളിലായി മൂന്ന് ക്ലാസ് റൂമുകൾ കുഞ്ഞിരാമക്കുറുപ്പ് ജന്മശതാബ്ദി സ്മാരകമായി നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി മുഖേന മൂന്ന് കോടി രൂപ ഉപയോഗിച്ച് ആറ് ക്ലാസ് മുറികൾ, ഒരു ഡൈനിങ് ഹാൾ, ഐ ടി ലാബ്, റിസോഴ്സ് റൂം എന്നിവ നിർമ്മിക്കാൻ സാങ്കേതിക അനുമതി ലഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നിലവിലുള്ള കെട്ടിടങ്ങൾ കാലപ്പഴക്കം ചെന്നതാണ്. അവ കൂടി പൊളിച്ചുമാറ്റി ആറ് ക്ലാസ് റൂമുകൾ, സയൻസ് ലാബ്, ലൈബ്രറി, സ്റ്റോർ എന്നിവ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി കെ. കെ. രമ എം.എൽ.എ. മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതോടുകൂടി ഭൗതിക സാഹചര്യങ്ങളുടെ പരിമിതി ഒരു പരിധിവരെ മറികടക്കാൻ കഴിയും.

# പ്രവർത്തനപദ്ധതി വിശകലനം

## മലയാളം

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിധികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. വിജ്ഞാന സ്വീകരണത്തിന്റെയും വിനിമയത്തിന്റെയും മാധ്യമമാണത്. മനുഷ്യവംശത്തിന് മാത്രമുള്ള അമൂല്യ സ്വത്തായ ഭാഷയുടെ സ്വാംശീകരണം ഓരോ വ്യക്തിയിലും ജനനം മുതൽ ആരംഭിക്കുന്നു. ജീവിത പരിസരങ്ങളിൽ നിന്ന് ആർജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുത്തോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായി വിനിമയം ചെയ്യാൻ കഴിയേണ്ടതുണ്ട്. സ്വാഭാവിക സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്ന ഭാഷാശേഷികളെ നിശ്ചിത തലങ്ങളിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലയങ്ങളിൽ നടക്കുന്ന ഔപചാരിക പഠനത്തിലൂടെയാണ്.

**പൊതുവായ ലക്ഷ്യങ്ങൾ**

- ➔ എട്ടാം ക്ലാസിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും മലയാളം എഴുതുവാനും വായിക്കുവാനുംഉള്ള കഴിവ് വളർത്തിയെടുക്കുക.
- ➔ 8, 9, 10 ക്ലാസുകളിലെ ഓരോ യൂണിറ്റിലും കുട്ടി ആർജിക്കേണ്ട പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുക.
- ➔ മലയാള ഭാഷാ പഠനത്തിലൂടെ കഥകളും കവിതകളും ലേഖനങ്ങളും എഴുതുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ➔ സാഹിത്യകൃതികൾ വായിക്കാനുള്ള താല്പര്യം വർദ്ധിപ്പിക്കുക.
- ➔ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക. അത്തരം കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുക.

## മേഖല: അക്കാദമികം

**പ്രശ്നം1 : പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനനേട്ടങ്ങൾ, ശേഷികൾ കൈവരിക്കാത്ത കുട്ടികൾ**

**പ്രവർത്തനം : പ്രീ–ടെസ്റ്റ്**

**ലക്ഷ്യം : 8,9,10 ഭാഷാപരമായ ശേഷികൾ ഏത്രമാത്രമുണ്ട് എന്ന് തിരിച്ചറിയുക.**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം (എന്ന്, എങ്ങനെ, എപ്പോൾ) | വിഷയസമിതി | മെയ് | | |
| ചോദ്യവലി നിർമ്മാണം | വിഷയസമിതി ക്ലാസ്സ് ടീച്ചർ | മെയ് | | |
| പ്രീ–ടെസ്റ്റ് നടത്തിപ്പ് | വിഷയസമിതി | ജൂൺ | | |
| മൂല്യനിർണ്ണയവും ഫലവിശകലനവും | വിഷയസമിതി | ജൂൺ | 5000 | P.T.A |
| റിപ്പോർട്ട് തയ്യാറാക്കൽ, റിപ്പോർട്ട് അവതരണം | S.R.G, P.T.A | | | |

**പ്രശ്നം 2 :**

**പ്രവർത്തനം : അടിസ്ഥാന ഭാഷാശേഷി വികസനപരിപാടി**

**ലക്ഷ്യം : കുട്ടിയുടെ അടിസ്ഥാനഭാഷാശേഷി ഉറപ്പാക്കുന്നതിന്**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ – ജൂലൈ | | |
| പരിഹാരബോധനമൊഡ്യൂൾ നിർമ്മാണവും അച്ചടിയും | വിഷയസമിതി | ജൂൺ | 10000 | P.T.A |
| ക്ലാസ് | വിഷയസമിതി | ജൂൺ – സെപ്റ്റംബർ | 10000 | P.T.A |
| മൂല്യനിർണ്ണയം | വിഷയസമിതി | ജൂൺ – സെപ്റ്റംബർ | | |
| റിപ്പോർട്ട് തയ്യാറാക്കൽ, പ്രഖ്യാപനം | വിഷയസമിതി | സെപ്റ്റംബർ 5 | 5000 | P.T.A |

**പ്രശ്നം 3 :**

**പ്രവർത്തനം : സി.പി.ടി.എ ഫലപ്രദമാക്കൽ**

**ലക്ഷ്യം : സി.പി.ടി.എ പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് അതുവഴി കുട്ടിയുടെ പഠ നമികവ് ഉറപ്പാക്കുന്നതിൽ രക്ഷിതാക്കളുടെ സഹായം തേടുന്നതിന്.**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സി.പി.ടി.എ ആശയരൂപീകരണം | SRG വിഷയസമിതി | ജൂൺ | | |
| സി.പി.ടി.എ മൊഡ്യൂൾ തയ്യാറാക്കൽ | SRG | ജൂൺ | 1000 | P.T.A |
| സി.പി.ടി.എവിളിച്ചു ചേർക്കൽ | SRG | ജൂൺ – മൂന്നാം വാരം | 1000 | P.T.A |
| പ്രീ–ടെസ്റ്റ്ഫലംഅവതരണം | ക്ലാസ്സ് ടീച്ചർ | ജൂൺ – മൂന്നാം വാരം | | |
| ജൂൺ 30 വരെയുള്ളകുട്ടികളുടെ രചനയിലെ മുന്നേറ്റം | ക്ലാസ്സ് ടീച്ചർ | ജൂൺ അവസാനം | | |
| പാഠാസൂത്രണശില്പശാലയിൽര ക്ഷിതാക്കൾക്കളുടെ വിലയിരുത്തൽ തീരുമാനങ്ങൾ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | ജൂൺ അവസാനം | 1000 | P.T.A |

**പ്രശ്നം 4 :**

**പ്രവർത്തനം : ശില്പശാലകൾ ( കഥ, കവിത, നാടകം)**

**ലക്ഷ്യം : വൈവിധ്യമാർന്ന രീതിയിൽ ഭാഷാനുഭവങ്ങൾ വിനിയം ചെയ്യുന്നതിന്**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശില്പശാലആലോചനയോഗം | വിഷയസമിതി | ജൂലൈ | 100 | P.T.A |
| പാഠപുസ്തകത്തിലെകഥള അടിസ്ഥാനമാക്കിയുള്ളത് | വിഷയസമിതി | ആഗസ്റ്റ് | 2500 | P.T.A |
| കവിതാ ശില്പശാല | വിഷയസമിതി | സെപ്തംബർ | 2500 | P.T.A |
| നാടക ശില്പശാല | വിഷയസമിതി | ഒക്ടോബർ | 2500 | P.T.A |
| ഡോക്യുമെന്റേഷൻ | വിഷയസമിതി | നവംബർ | | |

**പ്രശ്നം 5 : പഠനോപകരണങ്ങൾ, ICT ഫലപ്രദമായി ഉപയോഗിക്കുന്നില്ല**

**പ്രവർത്തനം : പഠനോപകരണ ശില്പശാല**

**ലക്ഷ്യം : വൈവിധ്യമാർന്ന പഠനോപകരണങ്ങൾ തയ്യാറാക്കുന്നതിനും**

**പരിചയപ്പെടുത്തുന്നതിലും ഉപയോ നിക്കുന്നതിലുമുള്ള പരിജ്ഞാനം നേടുക.**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ രണ്ടാം വാരം | 1000 | P.T.A |
| പഠനോപകരണശില്പശാല വായനസാമഗ്രികൾ, സമാനകഥകൾ, കവിതകൾ, ഐ..ടി.സി സാമഗ്രികൾ പുസ്തകങ്ങളുടെ പട്ടിക | വിഷയസമിതി ഐ.ടി വിദഗ്ദർ | ജൂൺ അവസാനം | | |

**പ്രശ്നം 6 :**

**പ്രവർത്തനം : ഗവേഷണ അധ്യാപനത്തിന്റെ സാധ്യതകൾ, ക്ലാസ്സ് ലൈബ്രറി**

**ലക്ഷ്യം : ഗവേഷണാത്മക പഠനത്തിനുള്ള അവസരം ഒരുക്കൽ**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി ആശയ രൂപീകരണ ശില്പശാല | ക്ലാസ് അധ്യാപകൻ | ജൂൺ | 500 | രക്ഷിതാക്കൾ |
| രൂപരേഖ തയ്യാറാക്കൽ | SRG, വിഷയസമിതി | ജൂൺ | 500 | രക്ഷിതാക്കൾ |
| പുസ്തക സമാഹരണം | ക്ലാസ്അധ്യാപകൻ രക്ഷിതാക്കൾ പൂർവ്വവിദ്യാർത്ഥികൾ | ജൂൺ | 10000 | പൂർവ്വ വിദ്യാർ ത്ഥികൾ |
| ഭൗതികസാഹചര്യം ഒരുക്കൽ | ക്ലാസ്അധ്യാപകൻര ക്ഷിതാക്കൾ പൂർവ്വവിദ്യാർത്ഥികൾ | ജൂൺ | | |

**പ്രശ്നം 7 :**

**പ്രവർത്തനം : പഠനയാത്രകൾ**

**ലക്ഷ്യം : സർഗ്ഗാത്മക പ്രവർത്തനത്തിൽ കൂടുതൽ ആഴത്തിൽ അനുഭവങ്ങൾ ലഭിക്കുന്നതിന്, ഭാഷാ, സംസ്കാരം എന്നിവ സംബന്ധിച്ച് കൂടുതൽ നേരനുഭവം ലഭിക്കുന്നതിന്.**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണ ശില്പശാല | വിഷയസമിതി | ജൂൺ | | P.T.A രക്ഷിതാക്കൾ |
| പഠനയാത്രകൾ ആസൂത്രണം നിർവ്വഹണം | വിഷയസമിതി | ആഗസ്റ്റ് – ഒക്ടോബർ | 50000 | P.T.A |
| ഡോക്യുമെന്റേഷൻ | വിഷയസമിതി | ജനുവരി | 5000 | P.T.A |

**പ്രശ്നം 8 : സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല**

**പ്രവർത്തനം : കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ, സ്കൂൾ മാഗസിൻ**

**ലക്ഷ്യം : കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാവർക്കും അവസരം നൽകുന്നതിനും**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം, പ്രത്രാധിപസമിതി തെരഞ്ഞെടുപ്പ് | പ്രധാനാധ്യാപകൻ വിഷയസമിതി | ജൂലൈ | | SRG |
| സൃഷ്ടികൾ ക്ഷണിക്കൽ | വിഷയസമിതി | ജൂലൈ – നവംബർ | | രക്ഷിതാക്കൾ |
| സൃഷ്ടികളുടെ തെരെഞ്ഞെടുക്കൽ | സ്റ്റാഫ് എഡിറ്റർ, സ്റ്റുഡന്റ് എഡിറ്റർ | ആഗസ്റ്റ്– നവംബർ | | P.T.A |
| ടൈപ്പിംഗ്, പ്രിന്റിംഗ് | പത്രാധിപ സമിതി | ഡിസംബർ | | P.T.A |
| പ്രകാശനം, അവലോകനം, മെച്ചപ്പെടുത്തൽ | സി.പി.ടി.എ. പത്രാധിപസമിതി | ഡിസംബർ | 2000 | P.T.A |

**പ്രശ്നം 9 : സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല**

**പ്രവർത്തനം : അനുദിനം അവസരം**

**ലക്ഷ്യം : എല്ലാ കുട്ടികൾക്കും പാഠഭാഗവുമായി ബന്ധിപ്പിച്ച് അവരുടെ സർഗ്ഗാത്മാക പ്രകടനങ്ങൾ നടത്തു വാൻ അവസരം ഒരുക്കൽ. ഒരു ദിവസം ഒരു ക്ലാസിലെ കുട്ടികൾക്ക് അവസരം നൽകൽ**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | SRG വിഷയസമിതി | ജൂലൈ | | |
| പ്രവർത്തനകലണ്ടർ രൂപീകരണം, അവതരണയിനങ്ങൾ നിശ്ചയിക്കൽ, പ്രദർശിപ്പിക്കൽ | SRG വിഷയസമിതി | ജൂലൈ | 5000 | |
| ഓരോ ക്ലാസിലും മികച്ച അവതരണത്തിനായി ഒരുങ്ങൽ | SRG വിഷയസമിതി | ജൂലൈ | | P.T.A |
| ഉദ്ഘാടനം | പ്രധാനാധ്യാപകൻ SRG | ആഗസ്റ്റ് 15 | 2000 | P.T.A |
| പ്രതിമാസ അവലോകനവും മെച്ചപ്പെടുത്തലും | SRG വിഷയസമിതി | എല്ലാ മാസവും | 2000 | P.T.A |
| ഡോക്യുമെൻഷൻ, സ്ക്രിപ്റ്റ് സമാഹരണം | വിഷയസമിതി കുട്ടികളുടെ പ്രതിനിധി | മാസാന്തം | 5000 | |

## മേഖല : അക്കാദമികേതരം

**സാമൂഹ്യ പങ്കാളിത്തം**

മുകളിൽ പ്രതിപാതിച്ച ഓരോ പ്രവർത്തനത്തിനും സാമൂഹ്യപങ്കാളിത്തം അനിവാര്യമാണ്. ആസൂ ത്രണം, വിഭവസമാഹരണം, നടത്തിപ്പ് എന്നീ ഘട്ടങ്ങളിലും സമൂഹത്തിൻ്റെ ഇടപെടൽ അത്യാവസ്യമാണ് അതിനായി ചില സാധ്യതകൾ –

| ക്രമ നമ്പർ | പ്രവർത്തനം | പങ്കാളിത്തരീതി |
|---|---|---|
| 1 | പ്രീടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് | തുടർ പ്രവർത്തനങ്ങൾ, പരിഹാരബോധന പ്രക്രിയകൾ |
| 2 | അടിസ്ഥാനശേഷി വികസനം | പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർക്ലാസുകൾ നയിക്കുന്നതിന് പഠനസാമഗ്രികൾ, ലഘുഭക്ഷണം, സംഘാടനം, |

| | | |
|---|---|---|
| | | വിലയിരുത്തൽ |
| 3 | പാഠാസൂത്രണം | പൂർവ്വവിദ്യാർത്ഥികളുടെ സേവനം, പൂർവ്വ അധ്യാപകരുടെ സേവനം |
| 4 | സി.പി.ടി.എ | പങ്കാളിത്തം ഉറപ്പാക്കൽ, സംഘാടനം വിലയിരുത്തൽ |
| 5 | ശില്പശാലകൾ (കഥ, കവിത, നാടകം) | വിഭവം കണ്ടെത്തൽ, സംഘാടനം വിലയിരുത്തൽ |
| 6 | പഠനോപകരണ നിർമ്മാണ ശില്പശാലകൾ | പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, മറ്റ് വിദഗ്ദരെ ലഭ്യമാക്കൽ |
| 7 | ക്ലാസ് ലൈബ്രറി | പുസ്തക ശേഖരണം, പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, നാട്ടുകാർ |

# സംസ്കൃതം

## മേഖല – അക്കാദമികം

**പ്രവർത്തനം 1– പ്രീടെസ്റ്റ്**

**ലക്ഷ്യം : 8, 9, 10 ക്ലാസ്സുകളിലെ ഭാഷാപരമായശേഷികൾ എത്രമാത്രമുണ്ട് എന്ന് തിരിച്ചറിയുക.**

| ഉപപ്രവർത്തനം | കാലം | സാമ്പത്തികം |
|---|---|---|
| സംസ്കൃതഭാഷയിൽ അഭിരുചി എത്രത്തോളമുണ്ടന്ന് തിരിച്ചറിയു ക. | ജൂൺ | |
| സംഭാഷണ കൗശലവർധനയ്ക്കായി വ്യാവഹാരിക–ഔപചാരിക പദപരിചയം | ജൂൺ– സെപ്തംബർ | |
| ഭാഷ നന്നായി വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തുക | ജൂൺ– സെപ്തംബർ | |
| വിദ്യാർത്ഥികളുടെ പഠനനിലവാരം മനസ്സിലാക്കി ആവശ്യമുള്ളവർക്ക് പഠനപിന്തുണ നൽകുക. | ജൂൺ– മാർച്ച് | |

## മേഖല – അക്കാമദമികേതരം

**പ്രവർത്തനം – 2**

**ലക്ഷ്യം : 8,9,10 ക്ലാസ്തല മത്സരങ്ങളിലൂടെ വിദ്യാർത്ഥികളുടെ സർഗാത്മകത കണ്ടെത്തി അവർക്ക് യോജിച്ച മത്സരയിനങ്ങൾക്കായുള്ള പരിശീലനം നൽകുക.**

| ഉപപ്രവർത്തനം | കാലം | സാമ്പത്തികം |
|---|---|---|
| ക്ലാസ്തലത്തിൽ രാമായണ പ്രശ്നോത്തരി, പാരായണം എന്നി വ നടത്തി സ്കൂൾതലമത്സരത്തി ലേക്കും, അതുപോലെ സബ്ജില്ലയിലേക്കും അർ ഹരായവരെ കണ്ടെത്തി പരിശീലനം നൽകുക. | ജൂലൈ – ആഗസ്റ്റ് | പ്രതീക്ഷിതചെലവ് കുട്ടികളെ സബ് ജില്ല, ജില്ല കലോത്സവത്തിന് കൊണ്ടുപോകാനുള്ള തുക. |
| സ്കൂൾതലത്തിൽ സംസ്കൃതോ ത്സവം നടത്തി സബ്ജില്ലയിലേ ക്ക് അർ ഹരായവരെ കണ്ടെത്തു ക. | ജൂൺ – സെപ്തംബർ | പ്രതീക്ഷിത ചെലവ് കുട്ടികളെ സബ്ജില്ലയിൽ കൊണ്ടുപോകാനുള്ള തുക |
| സംസ്കൃതവാരാചരണവുമായി ബന്ധ | ആഗസ്റ്റ് | 200 |

| | | |
|---|---|---|
| പെട്ട് രചനാമത്സരങ്ങൾ നടത്തുക. | | |
| സ്കൂൾതലത്തിൽ സംസ്കൃത ദിനാചരണം സംഘടിപ്പിക്കുക | ആഗസ്റ്റ് | പ്രതീക്ഷിത ചെലവ് – ബാനർ, ഓണറേറിയം, റിഫ്രെഷ്മെന്റ് – 2000 രൂപ) |

## മേഖല – ഭൗതികം

**ലക്ഷ്യം – ഭാഷാപഠനത്തിനുള്ള ഭൗതിക സൗകര്യ വികസനം.**

- 8, 9, 10 ക്ലാസുകളിൽ ICT സാധ്യത ഉപയോഗിച്ച് പഠിപ്പിക്കാനുള്ള സൗകര്യം ഇല്ല.
- ക്ലാസ് മുറികളുടെ അപര്യാപ്തത.

# അറബി

## പ്രവർത്തന മികവുകൾ

1. സ്കൂൾ തലത്തിൽ കുട്ടികൾക്ക് ഭാഷയിലെ സർഗ്ഗാത്മക ഇനങ്ങളിൽ മത്സരങ്ങൾ നടത്തി ശേഷികൾ കണ്ടെത്തുന്നു. അനുബന്ധം – 1
2. സബ്ജില്ലാതല അറബി കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്.
3. ജില്ലാ അറബി കലോത്സവത്തിൽ സജീവപങ്കാളിത്തം. വിവിധ എ ഗ്രേഡുകൾ.

## പ്രവർത്തനങ്ങൾ

### മികവ് പുലർത്തുന്ന കുട്ടികൾക്ക് / ശരാശരി മികവ് പുലർത്തുന്ന കുട്ടികൾക്ക്

1. ഓരോ യൂണിറ്റിനും ഓരോ Assignment നൽകാം. അനുബന്ധം 2
2. ഓരോ ക്ലാസ്സിലെയും പാഠപുസത്കത്തിലെ മുഴുവൻ വ്യവഹാരങ്ങൾക്കും പ്രത്യേകം പതിപ്പുകൾ തയ്യാറാക്കാം.
3. ദിനാചരണങ്ങളുടെ ഭാഗമായി വരക്കാനറിയാവുന്നവർക്ക് പോസ്റ്ററുകൾ കൊളാഷുകൾ മുതലായവ തയ്യാറാക്കാം. ആശയാവിഷ്ക്കാരങ്ങൾ നടത്തുന്നവർക്ക് ചെറുകുറിപ്പുകൾ രചനാമത്സരങ്ങൾ മുതലായവ നടത്താം
4. സർഗ്ഗവാസനയുള്ളവർക്ക് കഥ, കവിത, മുതലായവ രചിക്കാം ഇതിനൊക്കെയുള്ള സൗകര്യങ്ങൾ അധ്യാപകനും സ്ഥാപനവും ഒരുക്കി കൊടുക്കണം
5. അസംബ്ലിയിൽ അറബിയിൽ ആശയാവതരണം നടത്താം
6. റമദാനിൽ സ്കൂൾ തലത്തിൽ ഖുർആൻ ക്വിസ്.

### ശരാശരിക്കുതാഴെ മികവ് പുലർത്തുന്ന കുട്ടികൾക്ക്

1. പാഠഭാഗങ്ങളിലെ ഭാഷാഘടകങ്ങളോ പ്രയോഗങ്ങളോ മറ്റോ കണ്ടെത്തി പതിപ്പുകൾ തയ്യാറാക്കുക.
2. പിയർ ഗ്രൂപ്പുകളുണ്ടാക്കി ആശയാവിഷ്ക്കാരങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന കാര്യങ്ങളിൽ പരസ്പരം സഹായിച്ച് മികവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കാം. അനുബന്ധം 3
3. പ്രധാന ഭാഷാഘടകങ്ങളും മറ്റും ചാർട്ടിൽ എഴുതി അറബി അധ്യാപനം നടക്കുന്ന ക്ലാസ്സുകളിൽ പ്രദർശിപ്പിക്കാം.
4. അറബിഭാഷാ ക്ലിനിക്ക് സജ്ജീകരിച്ച് ഭാഷാപരമായ ഏതു വിഷയത്തിലും എപ്പോൾ വേണമെങ്കിലും ക്ലിനിക്കിൽ വന്നു പരിഹാരം തേടാം.

## പദ്ധതി നിർവ്വഹണം

### 1 വായനാമൂല

അറബി അധ്യാപനം നടക്കുന്ന ഓരോ ക്ലാസ്സിലും പൊതുവായനാമൂലയിൽ അറബി വായനാ സാമഗ്രികൾ ഉൾപ്പെടുത്തുകയോ അറബിക്കായി ഒരു വായനാമൂല പ്രത്യേകമായി സജ്ജീകരിക്കുകയോ ചെയ്യുക.

### 2. Language Lab

കുട്ടികൾക്ക് സ്വയം സംശയനിവാരണത്തിന് ഊന്നൽ നൽകുന്നതാകണം ഇത്. അതിനായി Internal സൗകര്യം ഭാഷാഘടകങ്ങളും വിഷയങ്ങളും ഇനം തിരിച്ച് CD കൾ, അവലംബഗ്രന്ഥങ്ങൾ മുതലായവ ഒരുക്കണം.

### 3. Language Library

അതതു ക്ലാസിലെ പഠനപ്രവർത്തനത്തിനോ അതിന്റെ തുടർച്ചക്കോ ഉപകാരപ്പെടുന്ന പുസ്തകങ്ങൾ കണ്ടെത്തി കുട്ടികൾക്ക് ഉപയോഗപ്പെടുത്താം. ഇത് സ്കൂൾ ലൈബ്രറിയുടെ ഭാഗമാകാൻ പാടില്ല. സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും കൊച്ചു ഗവേഷണങ്ങൾക്കും ഇവ ഉപയോഗപ്പെടുത്താൻ കഴിയണം.

### 4. സാമൂഹ്യപങ്കാളിത്തം

പൊതു പി.ടി.എ കളുടേയും ക്ലാസ് പി.ടി.എ കളുടേയും ഭാഗമായി കുട്ടികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുയും രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ എഴുതി വാങ്ങുകയും ചെയ്യും. കുട്ടികൾ തങ്ങളുടെ ശേഷികൾ അവതരിപ്പിച്ച് സമൂഹത്തെകൊണ്ട് വിലയിരുത്തിച്ച് അഭിപ്രായങ്ങൾ വാങ്ങാം.

### 5 പോർട്ട് ഫോളിയോ

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ നിർമ്മിക്കുന്ന അധിക ഉല്പന്നങ്ങൾ സവിശേഷ പോർട്ട് ഫോളിയോ ആയി ഫയൽ ചെയ്ത് ആവശ്യമായ സമയത്ത് കുട്ടികൾക്ക് തന്നെയോ പി.ടി.എ അംഗങ്ങൾക്കോ കാണാനും തിരുത്തലുകൾ നടത്താനും അവസരം നൽകാം.

### 6. ഓരോ കുട്ടിക്കും ഓരോ പതിപ്പ്.

ദീർഘകാലാടിസ്ഥാനത്തിലോ ഹ്രസ്വകാലാടിസ്ഥാനത്തിലോ ഓരോ കുട്ടിയെ കൊണ്ടും അവന്റെ തന്നെ വിവിധ ഭാഷാശേഷികളും വ്യവഹാരങ്ങളും ഉൾക്കൊള്ളുന്ന ഓരോ പതിപ്പുകൾ തയ്യാറാക്കാം ഒരു ക്ലാസിൽ ഒരു പതിപ്പ്.

**7. കലണ്ടർ തയ്യാറാക്കാം.**

സ്കൂൾ കലണ്ടറും ഇതര കലണ്ടറുകളിൽ നിന്ന് ആവശ്യമായ കാര്യങ്ങളും അറബിയിലേക്ക് വിവർത്തനം ചെയ്തും മറ്റും ഒരു അറബി കലണ്ടർ തയ്യാറാക്കാം. ഇതുവഴി കലണ്ടറുകളിലെ പല പ്രയോഗങ്ങളുടേയും സൂചനകളുടെയും അറബി പ്രയോഗം കുട്ടികൾക്ക് മനസ്സിലാക്കാൻ അവസരം ലഭിക്കും.

## പ്രശ്നങ്ങളും പരിഹാരങ്ങളും

പഠനപ്രവർത്തനം കാര്യക്ഷമവും ആസൂത്രണവൈഭവവും നൂതനസാധ്യതാ ഉപയോഗവുമൊക്കെ നടക്കണമെങ്കിൽ ഒരു അധ്യാപകന് സ്വന്തമായൊരു ക്ലാസ്റൂം എന്ന തത്വം നടപ്പിൽ വരികയും കുട്ടികൾ പീരീഡുകൾ മാറുമ്പോൾ ഒരു അധ്യാപകന്റെയടുത്ത് നിന്ന് അടുത്ത അധ്യാപകന്റെ പക്കലേക്ക് പോകുന്ന രീതി പ്രായോഗികമാവുകയും വേണം. അതിനുള്ള സൗകര്യം സ്ഥാപനം ഒരുക്കണം.

### വിശദാംശം

**അനുബന്ധം – 1**

സ്കൂൾ കലോത്സവം നടക്കുന്നതിനു മുമ്പ് എല്ലാ കുട്ടികൾക്കും അവരവരുടെ സർഗ്ഗാത്മക മേഖലയിൽ (ആലാപനങ്ങൾ, കഥാരചന, പ്രബന്ധരചന, പോസ്റ്റർ നിർമ്മാണം, നിഘണ്ടു നിർമ്മാണം മുതലായവ ഉദാഹരണം) കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകും. അതുകൊണ്ട് തന്നെ അറബി പഠിക്കുന്ന എല്ലാ കുട്ടികളും ഈ സർഗ്ഗാത്മക പ്രകടനത്തിന്റെ ഭാഗമായിട്ടുണ്ടാകും.

**അനുബന്ധം–2**

ഓരോ യൂണിറ്റിലും പ്രാധാന്യപൂർവ്വം പരിഗണിക്കപ്പെടണമെന്ന് സൂചിപ്പിക്കപ്പെട്ട ഭാഷാഘടകങ്ങളിൽ ജീവചരിത്രമോ അനുഭവക്കുറിപ്പുകളോ മറ്റോ തയ്യാറാക്കി പതിപ്പുകൾ സൃഷ്ടിക്കാം. ഓരോ യൂണിറ്റിലും വേറെവേറെ വ്യവഹാരങ്ങളാണ് നിർദേശിക്കപ്പെടുന്നത്.

**അനുബന്ധം –3**

ഓരോ ഗ്രൂപ്പ് ലീഡറുടേയും നേതൃത്വത്തിൽ വെള്ളിയാഴ്ച്ച അവസാനപീരീഡിൽ പിയർ ഗ്രൂപ്പുകൾ ഇരിക്കുകയും ഓരോരുത്തരും വ്യക്തത ആവശ്യമുള്ള കാര്യങ്ങൾ ഉന്നയിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യാം. അധ്യാപകർ സഹായിക്കും.

**അനുബന്ധം – 4**

രണ്ട് ടേം മൂല്യനിർണ്ണയത്തെ തുടർന്ന് ക്ലാസ് പി.ടി.എ നടക്കുന്ന ദിവസം അതാതു ക്ലാസുകളിൽ ഉണ്ടാക്കപ്പെട്ട പതിപ്പുകൾ, ചാർട്ടുകൾ, മൂല്യനിർണ്ണയ പേപ്പറുകൾ, കുട്ടികളുടെ കൈയിലുള്ള ഭാഷാ ശേഖരങ്ങൾ മുതലായവ പ്രദർശിപ്പിക്കാം. അഭിപ്രായം എഴുതിവാങ്ങാൻ പേപ്പറുകൾ നൽകുകയും ഫയൽ ആക്കി വെക്കുകയും ചെയ്യാം. പോർട്ട് ഫോളിയോയും ഉപയോഗപ്പെടുത്താം.

# English

English language enjoys a higher position in the present day scenario. It is a language of trade, commerce, higher education, science and technology it is the library language also. It has an important impact on the social media and internet. The demand of the time compelled the authority to introduce English language from class I onwards. Implemented empowerment programmes for teachers and students. But unfortunately still we haven't achieved a satisfactory proficiency in order to achieve it, we should ensure that learners to access the learning out comes prescribed. In order to make the teaching learning programmes effective children should be provided with ample opportunity to use the language effectively Problems of learning English as a foreign language.

**1. Lack of competency in learner.**

Language learning involves the acquisition of four skills, listening, speaking, reading and writing Lack of interest and exposure to the language, lack of time and learning environment are the factors adversely affecting the learning of a foreign language Conducting pre-test and planning remedial teaching by preparing special modules for different levels of learners is the prescribed solution for the problem.

**2. Lack of exposure to language**

To learn a foreign language, the learner should be exposed to it properly Lack of reading materials and lack of creating an English atmosphere at school and home are the problems involved in it. To overcome this. We should promote and execute programmes that help to improve reading skills and provide proper exposure to language we should provide real life situations for the learners to increase their confidence level.

**3. Lack of time**

Teachers are compelled to finish the immediate tasks within limited time. They face lack of time in implementing creative activities in classroom. So it is very difficult for them to address different level of learners. Planning of classroom activities. So as to address different levels of leaners will enable the learners to overcome this problem

**4. Insufficient Club Activities**

Club activities doesn't cater the need to promote international standards. Framing of activities like conducting film festivals, interacting with famous personalities video conferencing etc would enable us to transact the learning materials effectively

## Module for Remedial Learning

After identifying the slow learners and their problems, we have to provide remedial learning experience to students according to the language approach for different levels of children.

## Class – VIII

**For A+ Students**

- Making collection of nature poems in English and eco-poems in their mother tongue.
- Making tree of parts of speech – Each leaf indicates noun, pronoun, adjective etc

**For D+ Students**

- Copy Writing – Alphabets, Simple Words
- Diary Writing
- Reading Aloud
- Participating them in role plays. Speech etc
- Providing language games to develop a sense of words- order

## Class – IX

**For A+ Students**

- Making a project on the origin of words.
- Conducting seminars on the issues like child labour. Present status of women in the society etc
- Reviews of films and books.
- Translation of famous Malayalam stories in to English

**For D+ Students**

- Asks them to collect pictures of famous writers, using hints let them prepare their profiles, thereby making a picture album.
- Making "Dream Web" using the language items if clause, three types,
- Making 'Summary stock book' of each unit.
- Selection of protagonist from stories of different units and narrating the story in their points of view.

## Class – X

**For A+ Students**

- Writing poems on simple themes such as nature, rain etc.
- Selecting topics such as nature Science & Technology et and to prepare essays on it. (Let them make use of internet facilities)
- Conducting seminars on different topics
- Preparing class magazines.
- Preparing and presenting skit, role play etc

**For D+ Students**

- Making summary stock books
- Diary and letter writing.
- Participating in reading competitions
- Take part in skits, role plays etc.

## Implementation of Projects

A well equipped language lab. ICT based classrooms and learning, a library of English books which would enable the learners to select books according to their needs, planning and implementation of club activities like film shows. English assembly, school post office etc should also be implemented for the effective transaction of the teaching learning materials.

| SHORT TERM | | | |
|---|---|---|---|
| **Sl No.** | **Activity** | **Month** | **Teachers in charge** |
| 1 | Conducting pre-tests.<br>Evaluation.<br>Result publishing and analysis. | June | Seema P (SP)<br>Sreejesh K P (SR)<br>Prajitha M P (PMP)<br>Jaya V S (JVS) |
| 2 | Preparing year plan for club activities | June | SP, SR, PMP, JVS |
| 3 | Class Library (Arrangements) | July | SP, SR, PMP, JVS |
| 4 | Observation of English Day | August | SP, SR, PMP, JVS |
| 5 | Communicative English Training Programme | September | SP, SR, PMP, JVS |
| 6 | Reading Fest | October | SP, SR, PMP, JVS |

| MID TERM | | | |
|---|---|---|---|
| Sl No. | Activity | Month | Teachers in charge |
| 1 | Observing readers week.<br>Exhibition of Books. | June –<br>July | SP, SR, PMP, JVS |
| 2 | Conducting English Fest<br>Poster Making | August–<br>October | SP, SR, PMP, JVS |
| 3 | Remedial Teaching | July –<br>September | SP, SR, PMP, JVS |
| 4 | Conducting English Assemblies | September–<br>December | SP, SR, PMP, JVS |
| 5 | Interviews (Characters) | June–October | SP, SR, PMP, JVS |
| 6 | Conducting Quiz programmes. | July –<br>September | SP, SR, PMP, JVS |

| LONG TERM | | | |
|---|---|---|---|
| Sl No. | Activity | Month | Teachers in charge |
| 1 | Visiting Houses | June–October | SP, SR, PMP, JVS |
| 2 | Class PTA | July–<br>January | SP, SR, PMP, JVS |
| 3 | A project on problems of second language learners. | June–<br>December | SP, SR, PMP, JVS |
| 4 | Readers group conducting various programmes to improve fluency and accuracy like reading corner, mothers reading, choreography Drama and Documentation etc | June–<br>February | SP, SR, PMP, JVS |
| 5 | Masquerade (staging a character) | June–January | SP, SR, PMP, JVS |
| 6 | Reading from Wikipedia, internet, blog etc | June–January | SP, SR, PMP, JVS |
| 7 | Preparing wall magazines | July– January | SP, SR, PMP, JVS |
| 8 | Forming poetic group students, and teachers poems. | August–<br>January | SP, SR, PMP, JVS |
| 9 | Creative Writing programmes | September–<br>January | SP, SR, PMP, JVS |

# ഹിന്ദി

ഹിന്ദി ഭാരതത്തിന്റെ ഭരണ ഭാഷയാണ്. അതുകൊണ്ടുതന്നെ ഭാരതത്തിൽ വൈവിധ്യമായ ഭാഷാ സംസ്കാരങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഹിന്ദി ഭാഷാ പഠനത്തിന് ഏറെ പ്രാധാന്യമുണ്ട്. കേരളത്തിന്റെ മാതൃഭാഷയായ മലയാള ഭാഷാ പഠനത്തിൽ നിന്നും വ്യത്യസ്തമായ അനവധി പ്രശ്നങ്ങൾ അഹിന്ദി പ്രദേശത്തിൽ ഹിന്ദി ഭാഷാ പഠനത്തിനുണ്ട്. ത്രിഭാഷ പദ്ധതി അംഗീകരിച്ചതിന്റെ ഭാഗമായാണ് ഹിന്ദി പഠനം നിർബന്ധമാക്കിയത്. ത്രിഭാഷാ പദ്ധതി അതിന്റെ സത്ത ഉൾകൊണ്ട് തന്നെ പഠിപ്പിക്കണം. ആശയവിനിമയം നടത്താനുള്ള കഴിവ് കുട്ടിയിൽ വർദ്ധിപ്പിക്കണം. ഹിന്ദി ഭാഷയുടെയും സാഹിത്യത്തിന്റെയും സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലം ഉൾക്കൊണ്ടു തന്നെ പഠന ബോധന പ്രക്രിയകൾ നടത്തേണ്ടതുണ്ട്. ഹിന്ദി ഭാഷാ പഠനത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും ഇവയുടെ പരിഹാരമാർഗ്ഗങ്ങളും താഴെ പറയുന്നു.

## മേഖല : അക്കാദമികം

**പൊതുവായ ലക്ഷ്യങ്ങൾ**

- ➔ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ➔ ഓരോ യൂണിറ്റിലും ആർജിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ➔ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ➔ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും സാഹിത്യ സ്നേഹവും വളർത്തിയെടുക്കുക.
- ➔ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**പഠന പ്രശ്നങ്ങൾ**

1. ഹൈസ്കൂൾ തലത്തിലെത്തുമ്പോൾ കുട്ടികൾ ആർജിക്കേണ്ട നിർദ്ധിഷ്ട ഭാഷാ ശേഷികൾ സ്വായത്തമാക്കിയിട്ടില്ല.
2. സവിശേഷ കുട്ടികൾക്ക് കൂടുതലായി അറിവുകൾ ലഭിക്കുന്നില്ല.
3. ഹിന്ദി ഭാഷയുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം കുറവാണ്.

**ഭൗതിക പ്രശ്നങ്ങൾ**

1. ആധുനികമായി സജ്ജീകരിച്ച ലൈബ്രറിയുടെ അഭാവം.
2. ഹിന്ദി ബാലമാസികകൾ, ഹിന്ദി പഠനങ്ങൾ, ഹിന്ദി മാസികകൾ, ഹിന്ദി മൗലിക രചനകൾ എന്നിവയുടെ കുറവ് ഭാഷാശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.
3. ആധുനികമായി സജ്ജീകരിച്ച ലാഗ്വേജ് ലാബിന്റെ അഭാവം.

**പ്രശ്ന വിശകലനം**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി പ്രവർത്തനം |
|---|---|---|
| മുൻക്ലാസുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ നേടിയിട്ടില്ല. | ➢ ജൂൺമാസം സ്കൂൾ തുറക്കുന്നമുറക്ക് തന്നെഎട്ടാം ക്ലാസ് കുട്ടികളുടെനിലവാ രം അറിയുന്നതിന് പ്രീ-ടെസ്റ്റ്നടത്തുക. | ➢ പ്രീ ടെസ്റ്റ് |
| പഠന പിന്നോക്കാവസ്ഥ | ➢ അക്ഷരങ്ങൾ അറിയാത്ത കുട്ടികൾക്ക് പ്രത്യേക പരിശീ ലനം നൽകുക. | ➢ സുരീലി ഹിന്ദി<br>➢ CLAP |
| ഭിന്നശേഷി കുട്ടികളെ ഉൾചേർക്കൽ. | ➢ ഓഡിയോ വിഷ്വൽ ഉപകരണങ്ങളുടെ ഉപയോഗം. | ➢ ലാഗ്വേജ് ലാബ്<br>➢ അക്ഷര ബ്ലോക്കുകൾ. |
| ഭാഷാന്തരീക്ഷം ക്ലാസ് മുറികളിൽ കിട്ടുന്നില്ല. | ➢ എല്ലാ കുട്ടികൾക്കും പങ്കാളിത്തം കിട്ടുന്ന തരത്തിലുള്ള ക്ലാസുകൾ ആസൂത്രണം ചെയ്യുക. | ➢ പിയർ ഗ്രൂപ്പ് പഠനം<br>➢ വർക്ക് ഷീറ്റുകൾ<br>➢ ചിത്രകഥ<br>➢ കാർട്ടൂൺ<br>➢ സാഹിത്യ രചനകളുടെ സിനിമ രൂപങ്ങൾ.<br>➢ പ്രസംഗം<br>➢ പദ്യ പാരായണം<br>➢ വായന മത്സരങ്ങൾ.<br>➢ ചെറുകവിതകൾ |
| വ്യാകരണ തെറ്റുകൾ | | ➢ ലാഗ്വേജ് ലാബ്<br>➢ പിയർ ഗ്രൂപ്പ് പഠനം<br>➢ വർക്ക് ഷീറ്റുകൾ<br>➢ കേട്ടെഴുത്ത്<br>➢ പദസൂര്യൻ<br>➢ പ്രശ്നോത്തരി<br>➢ കാർട്ടൂൺ |

| | | |
|---|---|---|
| കുട്ടികളുടെ നിലവാരത്തിലെ വ്യത്യാസം | ➢ കുട്ടികളുടെ നിലവാരമനുസരിച്ച് വ്യത്യസ്തമായ പഠന പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുക. | ➢ കേട്ടെഴുത്ത്<br>➢ പ്രശ്നോത്തരി<br>➢ കഥാ സന്ദർഭങ്ങൾ ക്രമപ്പെടുത്തൽ.<br>➢ പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തൽ.<br>➢ ചേരുംപടി ചേർക്കൽ |
| പാഠഭാഗങ്ങൾ ജീവിതഗന്ധിയായി അനുഭവപ്പെടുന്നില്ല | ➢ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആകർഷകമാക്കുക. | ➢ സാഹിത്യ രചനാ മത്സരങ്ങൾ.<br>➢ കഥാപാത്രാവിഷ്കാരം<br>➢ അഭിമുഖം<br>➢ അക്ഷരമാല കളികൾ<br>➢ കാർട്ടൂൺ<br>➢ സിനിമ<br>➢ വീടും പരിസരവു മായി ബന്ധപ്പെടുന്ന വസ്തുക്കളുടെ ഹിന്ദി പേരോടു കൂടിയ പ്രദർശനം<br>➢ ഹിന്ദി പ്രാർത്ഥന |
| വീടുകളിൽ പഠനാന്തരീക്ഷം കിട്ടുന്നില്ല. | ➢ രക്ഷിതാക്കളെ ബോധവത്കരിക്കുക. | • ഗൃഹ സന്ദർശനം<br>• ക്ലാസ് പി. ടി. എ |
| സാഹിത്യാസ്വാദനം ശരിയായവിധത്തിൽ നടക്കുന്നില്ല. | ➢ വിശ്ലേഷണാത്മക വായനയെ പ്രോത്സാഹിപ്പിക്കുക | ➢ ICT അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായപാഠാസൂത്രണം.<br>➢ ഹിന്ദി ക്ലബ്<br>➢ ഫിലിം ക്ലബ്<br>➢ ലൈബ്രറി<br>➢ കൈയ്യെഴുത്ത് മാഗസീൻ<br>➢ കവിതാ ശില്പശാല<br>➢ സാഹിത്യരചനാ മത്സരങ്ങൾ. |

**ഉപ പ്രവർത്തനങ്ങൾ**

1. പഠനത്തിൽ മികച്ച കഴിവുള്ളവരെ കണ്ടെത്തി അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നല്കുക.
2. പഠനശേഷി കുറവുള്ളവരെ കണ്ടെത്തി പിയർ ഗ്രൂപ്പാക്കുക, പരിഹാര ബോധനം നടത്തുക. പരിഹാര ബോധന പദ്ധതികളിൽ മികച്ച കുട്ടികളെ ഉൾപ്പെടുത്തുക.
3. ദേശീയ ഹിന്ദി ദിനം, അന്താരാഷ്ട്ര ഹിന്ദി ദിനം, പ്രേംചന്ദ് ദിനം എന്നിങ്ങനെയുള്ള ദിനങ്ങൾക്ക് പ്രാധാന്യം നല്കികൊണ്ട് വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.

## മേഖല : അക്കാദമികേതരം

1. ദിനാചരണങ്ങൾ
2. ദേശീയ ഹിന്ദി ദിനം, അന്താരാഷ്ട്ര ഹിന്ദി ദിനം, പ്രേംചന്ദ് ദിനം, പാഠ പുസ്തകവുമായി ബന്ധമുള്ള മറ്റ് ദിനങ്ങൾ എന്നിവ ഉചിതമായ രീതിയിൽ ആഘോഷിക്കുക.
3. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ഉചിതമായ രീതിയിൽ നടത്തുക.
4. ഫിലിം ക്ലബ് പ്രവർത്തനങ്ങൾ ഉചിതമായ രീതിയിൽ നടത്തുക.
5. ഹിന്ദി കലോത്സവം.
6. സ്കൂൾ, സബ് ജില്ലാ, ജില്ലാ, സംസ്ഥാന കലാമേളകളിൽ ഹിന്ദി മത്സര ഇനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
7. എല്ലാ ബുധനാഴ്ചയും സ്കൂൾ പ്രാർത്ഥന ഹിന്ദിയിൽ അവതരിപ്പിക്കുക.
8. സർഗ വേദികൾ
9. ഫിലിം ഫെസ്റ്റിവെൽ
10. കൈയ്യെഴുത്ത് മാഗസീൻ, ഡിജിറ്റൽ മാഗസീൻ
11. പഠന യാത്രകൾ
12. ഗൃഹ സന്ദർശനം
13. നാടക കളരി
14. സാഹിത്യ രചനാ മത്സരങ്ങൾ
15. ശില്പശാലകൾ

## പദ്ധതി നിർവഹണം

| ക്രമ നമ്പർ | പ്രവർത്തനം | കാലാവധി | മാസം | ചുമതല |
|---|---|---|---|---|
| 1 | • പ്രീ–ടെസ്റ്റ്<br>മൂല്യ നിർണ്ണയം<br>ഫലപ്രസിദ്ധീകരണം | ഹ്രസ്വകാലം | ജൂൺ | ശിഗേഷ് ജി എസ്<br>ആബിദ |
| 2 | • ദിനാചരണങ്ങൾ<br>പ്രേംചന്ദ് ദിനം<br>അന്താരാഷ്ട്ര ഹിന്ദി ദിനം | ഹ്രസ്വകാലം | ജൂലൈ<br>ജനുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 3 | • ദിനാചരണങ്ങൾ<br>ദേശീയ ഹിന്ദി ദിനം<br>(വാരാഘോഷം)<br>വായനാ വാരം | മധ്യകാലം | സെപ്റ്റംബർ<br>ജൂലൈ | ശിഗേഷ് ജി എസ്<br>ആബിദ |
| 4 | • കൈയ്യെഴുത്ത് മാഗസിൻ<br>• ഡിജിറ്റൽ മാഗസിൻ | മധ്യകാലം | സെപ്റ്റംബർ –<br>നവംബർ | ശിഗേഷ് ജി എസ്<br>ആബിദ |
| 5 | • പഠന യാത്രകൾ | മധ്യകാലം | ആഗസ്റ്റ് –<br>ഒക്ടോബർ | ശിഗേഷ് ജി എസ്<br>ആബിദ |
| 6 | • ഫിലിം ഫെസ്റ്റിവെൽ | മധ്യകാലം | നവംബർ –<br>ഡിസംബർ | ശിഗേഷ് ജി എസ്<br>ആബിദ |
| 7 | • ഹിന്ദി ക്ലബ് | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 8 | • സുരീലി ഹിന്ദി | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 9 | • CLAP | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 10 | • ഗൃഹ സന്ദർശനം | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 11 | • ക്ലാസ് ടെസ്റ്റ് | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 12 | • ക്ലാസ് പി. ടി. എ | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 13 | • സർഗ വേദികൾ | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 14 | • സ്കൂൾ പ്രാർത്ഥന | ദീർഘകാലം | ജൂൺ –<br>ഫെബ്രുവരി | ശിഗേഷ് ജി എസ്<br>ആബിദ |
| 15 | • ഹിന്ദി കലോത്സവം. | ദീർഘകാലം | ജൂൺ –<br>ജനുവരി | ശിഗേഷ് ജി എസ്<br>ആബിദ |

# സാമൂഹ്യ ശാസ്ത്രം

സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ ആസൂത്രണം ചെയ്യുന്നത്. 8, 9, 10 ക്ലാസുകളിൽ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിപ്പിക്കുന്ന വിഷയങ്ങളായ ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം നരവംശശാസ്ത്രം, സാമ്പത്തികശാസ്ത്രം, പൗരധർമ്മം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇന്ന് ഒരുപാട് പ്രശ്നങ്ങളിലൂടെയാണ് സാമൂഹശാസ്ത്രപഠനം കടന്നുപോകുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾ, അധ്യാപകർ എന്നിവർ നേരിടുന്ന അക്കാദമികം, ഭൗതികം, സാമൂഹികവുമായ പ്രശ്നങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തനപദ്ധതിയും രൂപരേഖയും ആണ് ചുവടെ കൊടുത്തത്.

## അക്കാദമികം

1. വിഷയത്തിന്റെ ബൃഹത് സ്വഭാവം കാരണം സാമൂഹ്യശാസ്ത്ര ലക്ഷ്യങ്ങൾ, ധാരണകൾ എന്നിവ നേടുന്നതിന് പ്രയാസം അനുഭവിക്കുന്നു.
2. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല
3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ധാരാളം പ്രശ്നങ്ങൾ നേരിടുന്നു.
4. കുട്ടികൾ മുന്നറിവ് നേടാതെയാണ് എട്ടാം ക്ലാസിലേക്ക് പ്രവേശിക്കുന്നത്.

**ഭൗതികം**

1. ക്ലാസ്സ് മുറികൾ നൂതന പഠനതന്ത്രങ്ങൾ നടപ്പാക്കുന്നതിന് അനുയോജ്യമല്ല.
2 . ICT പഠനത്തിന് ആവശ്യമായ സൗകര്യമില്ല.

**പ്രശ്നവിശകലനം**

**പ്രശ്നം –1**

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

## പ്രശ്നം–2

കുട്ടികൾ മുന്നറിവ് നേടാതെയാണ് എട്ടാം ക്ലാസിലേക്ക് പ്രവേശിക്കുന്നത്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. വായനയുടെ അഭാവം<br>2. മുൻ ക്ലാസ്സുകളില് പഠിക്കേണ്ടവ കൃത്യസമയത്ത് പഠിക്കാത്തത്.<br>3. വ്യക്തിഗതമായ പ്രശ്നങ്ങൾ<br>4. കുട്ടികളുടെ ശ്രദ്ധാക്കുറവ്<br><br>**അധ്യാപകർ**<br>1. ആശയങ്ങളുടെ ബാഹുല്യം<br>2. മാറ്റത്തിനനുസൃതമായി അധ്യാപകർ മാറുന്നില്ല<br>3. ക്ലാസ്സ് മുറികൾ ICT സാധ്യത ഉപയോഗിക്കുന്ന രീതിയിലല്ല<br><br>**രക്ഷിതാക്കൾ**<br>1. വീടുകളിൽ ശരിയായ രീതിയിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല. | • എൻട്രിലെവൽ പ്രീ ടെസ്റ്റിലൂടെ കുട്ടികളുടെ നിലവാരം മനസ്സിലാക്കുക.<br>• ക്ലാസ്സ് ലൈബ്രറി സ്ക്കൂൾ ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുക.<br>• കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്സ് കൊടുക്കുക.<br>• പഠനഗ്രൂപ്പ് ഉണ്ടാക്കി വിഷയവുമായി ബന്ധപ്പെട്ട ചർച്ച നടത്തുക.<br>• ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുക<br>• ക്ലാസ്സ് പിടിഎ വിളിച്ചു ചേർത്ത് ബോധ വൽക്കരണം നട ത്തുക. | • പ്രീ– ടെസ്റ്റ്<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ക്ലാസ്സ് ലൈബ്രറി നവീകരണം<br>• മോട്ടിവേഷൻ ക്ലാസ്സ്<br>• വിഷയസമിതി യോഗം കൃത്യസമയത്ത് ചേരൽ<br>• ഗൃഹസന്ദർശനം നടത്തുക. |

**പ്രശ്നം–3**

വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ധാരാളം പ്രശ്നങ്ങൾ നേരിടുന്നു

| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പദ്ധതി പ്രവർത്തനം** |
|---|---|---|
| • ICT പരിശീലനത്തിന്റെ കുറവ്.<br>• ഹൈടെക് ക്ലാസുകളുടെ അഭാവം | • അധ്യാപകർക്ക് പരിശീലനം കൊടുക്കുക<br>• വിഷയസമിതി യോഗം കൃത്യസമയത്ത് ചേരൽ | ICT അധിഷ്ഠിത പഠന തന്ത്രത്തിനുള്ള സ്കൂൾ തല ശില്പശാല |

## പദ്ധതി നിർവ്വഹണം

| **ഹ്രസ്വകാലം** | | | |
|---|---|---|---|
| **ക്രമ നമ്പർ** | **പദ്ധതി** | **മാസം** | **ചുമതല** |
| 1 | പ്രീ–ടെസ്റ്റ്<br>മൂല്യ നിർണയം<br>ഫലപ്രസിദ്ധീകരണം<br>ഗൃഹസന്ദർശനം | ജൂൺ | വിഷയസമിതി |
| 2 | ക്ലാസ്സ് ലൈബ്രറി | ജൂൺ, ജൂലൈ | വിഷയസമിതി |
| 3 | മോട്ടിവേഷൻ ക്ലാസ്സ് | ഒക്ടോബർ | വിഷയസമിതി |
| 4 | ക്വിസ്സ് മൽസരം | നവംബർ | വിഷയസമിതി |
| 5 | ദിനാചരണം | സെപ്റ്റംബർ | വിഷയസമിതി |
| 6 | ക്ലബ്ബ് പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ | ജൂൺ | വിഷയസമിതി |
| 7 | ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ–ഒക്ടോബർ | വിഷയസമിതി |

| മധ്യകാലം | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | മാസം | ചുമതല |
| 1 | വായനാവാരം ആഘോഷം | ജൂൺ | വിഷയസമിതി |
| 2 | പരിഹാരബോധനം | ജൂൺ, ജൂലൈ | വിഷയസമിതി |
| 3 | പഠനയാത്രകൾ | ഒക്ടോബർ | വിഷയസമിതി |
| 4 | മാസാന്ത പരീക്ഷകൾ | ജൂൺ–ജനവരി | വിഷയസമിതി |

| ദീർഘകാലം | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | മാസം | ചുമതല |
| 1 | പ്രോജെക്ട്<br>ഉദാ– ഏറാമലപഞ്ചായത്തിന്റെ<br>സ്വാതന്ത്ര്യ സമര ചരിത്രം | ജൂൺ–<br>ഒക്ടോബർ | വിഷയസമിതി |

# അടിസ്ഥാന ശാസ്ത്രം

**പ്രോജക്ട് : സയൻസ് സ്പാർക്ക്**

ശാസ്ത്രബോധം ഉള്ള സമൂഹത്തെ വളർത്തിയെടുക്കുക എന്നത് ഇന്നത്തെ കാലത്ത് അനിവാര്യമാണ്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നൂൽക്കെട്ടുകൾ പൊട്ടിച്ചെറിയാൻ ശാസ്ത്ര കൗതുകവും ശാസ്ത്ര ത്വരയും ഉണർത്തി യാഥാർത്ഥ്യത്തിലേക്കുള്ള ശാസ്ത്രപഥം കണ്ടെത്തുവാൻ ശരിയായ രീതിയിലുള്ള ശാസ്ത്ര പഠനം ആവശ്യമാണ്. ശാസ്ത്ര പഠനത്തിന് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ കണ്ടെത്തി അവ പരിഹരിക്കാം 'സയൻസ് സ്പാർക്കി'ലൂടെ...

**ശാസ്ത്ര പഠന രീതി**

ശാസ്ത്ര പഠനത്തിന്റെ അടിസ്ഥാനം പരീക്ഷണങ്ങൾ തന്നെയാണ്. മികച്ച പഠന ഉപകരണങ്ങൾ, ലാബ് സൗകര്യം എന്നിവയുടെ അപര്യാപ്തത ശാസ്ത്ര പഠനത്തിന് വിഘാതം സൃഷ്ടിക്കുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1. ശാസ്ത്രമേഖലയിൽ പ്രവൃത്തിക്കുന്നവരുടെ അഭിപ്രായം ആരായുകയും മികവുറ്റ ലാബ് നിർമ്മാ ണത്തിന് തയ്യാറാവുകയും ചെയ്യുക. ലാബുകളിൽ കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട് പരി ക്ഷണങ്ങളിൽ സ്വയം ഏർപ്പെട്ട് നിഗമനത്തിൽ എത്തിച്ചേരാനുള്ള സൗകര്യങ്ങളൊരുക്കുക.

2. വൈദ്യുതികരിച്ച റൂം, ആവശ്യത്തിന് ഫർണിച്ചറുകൾ, കബോർഡുകൾ, ഗ്യാസ് കണക്ഷൻ, പരീക്ഷണങ്ങളുടെ ഡെമൺസ്റ്ററേഷനുവേണ്ടി ICT സൗകര്യങ്ങൾ തുടങ്ങിയവ സജ്ജമാക്കുക. പരീക്ഷണ പഠനത്തിനായി ആഴ്ച്ചയിൽ ഒരു പിരിയഡ് അധികം അനുവദിക്കുകയും ആ ആഴ്ച്ചയിൽ പഠിപ്പിച്ച വിഷയങ്ങൾ പരീക്ഷണത്തിലൂടെ വീണ്ടും അവതരിപ്പിക്കുന്നത് പാഠം കൂടുതൽ എളുപ്പമാക്കാൻ സഹായിക്കുന്നു.

3. ലാബിൽ അവതരിപ്പിക്കാൻ ബുദ്ധിമിട്ടുള്ള ശാസ്ത്രപരീക്ഷണങ്ങൾ ICT സംവിധാനത്തിലൂടെ അവതരിപ്പിക്കാൻ ഓരോ ക്ലാസ് മുറിയും സജ്ജീകരിക്കേണ്ടതാണ്.

4. അധ്യാപകരിൽ ശാസ്ത്രസാങ്കേതിക ജ്ഞാനം വർധിപ്പിക്കുന്നതിനും ഈ മേഖലയിലെ വിദ ഗരെ കൊണ്ട് ക്ലസ്റ്റർ യോഗങ്ങളിൽ ക്ലാസ് സംഘടിപ്പിക്കുന്നത് ഗുണകരമാകും.

## പ്രവർത്തനങ്ങൾ

**science Today [സയൻസ് കോർണർ]**

സയൻസ് നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും പത്രവാർത്തകളിൽ വരുന്ന ശാസ്ത്ര അറിവുകൾ, കണ്ടുപിടുത്തങ്ങൾ, തുടങ്ങിയവ ഓരോ ആഴ്ച്ചയും ക്ലാസ് അടിസ്ഥാനത്തിൽ സയൻസ് ക്ലബ് അംഗങ്ങൾ science Today'യിൽ ചേർക്കുന്നു.

**കുട്ടിയിലേക്ക്....**

കുട്ടിയുടെ പഠന പിന്നോക്കാവസ്ഥയ്ക്ക് കാരണം കണ്ടെത്തുകയും ഇതിന്റെ ഭാഗമായി വീട്ടിലെസാഹചര്യങ്ങൾ മനസ്സിലാക്കാനും മാനസിക പിന്തുണ നൽകാനും ഭവനസന്ദർശനം.

**പഠനയാത്ര**

കാർഷികജൈവ വൈവിധ്യങ്ങളെ പരിചയപ്പെടുത്തൽ ഇതോടനുബന്ധിച്ച് ശാസ്ത്ര അവബോധത്തിന്റെ ആവശ്യകത നല്ല കാർഷിക സംസ്കാരം വിദ്യാലയത്തിൽ നിന്ന് ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ കാർഷികവിളകൾ, ജൈവവൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്നതിനായി പരിസരത്തുള്ള കർഷകരുടേയും കൃഷി വകുപ്പുദ്യോഗസ്ഥരുടേയും സഹായം തേടാവുന്നതാണ്. നെൽവയൽ മത്സ്യസമ്പത്ത് എന്നിവ പരിരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തന്നെ പഠനയാത്ര.

**വാനനിരീക്ഷണം**

**വിദഗ്ദരെ പരിചയപ്പെടൽ**

**ശാസ്ത്ര പരീക്ഷണങ്ങളുടെ സ്റ്റേജ് ഷോ**

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക വാനനിരീക്ഷണം, ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു സ്റ്റേജ് ഷോ ശാസ്ത്ര വിഷയത്തിൽ വിദഗ്ധരായവരെ പരിചയപ്പെടുത്തൽ എന്നിവ നടത്തുന്നത് ശാസ്ത്രത്തോടുള്ള താൽപര്യം വർദ്ധിക്കാൻ ഏറെ ഗുണകരമാണ്.

| **പ്രവർത്തനം** | **ചുമതല** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
|---|---|---|---|---|
| പാഠാസൂത്രണം | വിഷയസമിതി | മെയ് | | |
| പഠനഗ്രൂപ്പ് രൂപീകരണം | വിഷയസമിതി | | | |
| ദത്തശേഖരണം | ക്ലാസ് ടീച്ചർ | ആഗസ്റ്റ് | | |
| ലാബ് സജ്ജീകരണം | ലാബ് ഇൻ ചാർജ്ജ് | ആഗസ്റ്റ് | 100000 | പി.ടി.എ |
| സയൻസ് കോർണർ | വിഷയസമിതി | | 1000 | പി.ടി.എ |
| പഠന യാത്ര | വിഷയസമിതി | | 10000 | പി.ടി.എ |
| വാനനിരീക്ഷണം | വിഷയസമിതി | ഡിസംബർ | 5000 | പി.ടി.എ |
| ശാസ്ത്ര പരീക്ഷണ സ്റ്റേജ് ഷോ | വിഷയസമിതി | സെപ്റ്റംബർ | 50000 | പി.ടി.എ |
| വിദഗ്ദരെ പരിടയപ്പെടൽ | വിഷയസമിതി | നവംബർ | 2000 | പി.ടി.എ |
| ജൈവ വൈവിധ്യങ്ങളെ പരിചയപ്പെടുത്തൽ | വിഷയസമിതി | ഡിസംബർ | 5000 | പി.ടി.എ |

# ഗണിത ശാസ്ത്രം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന ക്രിയാത്മകവും ഗുണമേന്മയിലൂന്നിയതുമായ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഗണിത ശേഷി വികസിക്കുകയും ഗണിത പഠനത്തിന് താല്പര്യമുള്ളവരാക്കി മാറ്റുകയും വേണം ദേശീയ പഠനങ്ങളിൽ ഗണിതത്തിൽ താരതമ്യേന മികച്ച പ്രകടനം കാഴ്ചവെക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല ഗണിത ആശയ രൂപവൽക്കരണത്തിലെ തടസ്സങ്ങളാണ് ഇതിന് കാരണം ഗണിത ആശയങ്ങൾ അനായാസം ആസ്വദിച്ച് പഠിക്കാൻ സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നാം നടപ്പിലാക്കേണ്ടത് ജ്ഞാന നിർമ്മിതിയിൽ അധിഷ്ഠിതമായ പ്രക്രിയാബന്ധിത പഠനം ഈ ലക്ഷ്യത്തിലേക്ക് നമ്മെ നയിക്കും.

## ഗണിത പഠനം പ്രശ്നങ്ങൾ

### അക്കാദമികം

1. മുന്നറിവിന്റെ അഭാവം പ്രൈമറി ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ലായ്മ
2. മുഴുവൻ കുട്ടികൾക്കും പഠനപദ്ധതി നിർദ്ദേശിച്ച ആശയങ്ങൾക്കും ശേഷികളും നേടാനുള്ള കഴിവില്ലായ്മ
3. ഗണിതം കഠിനമാണെന്ന തെറ്റിദ്ധാരണ

### ഭൗതികം

1. ഹൈടെക് ക്ലാസ് മുറികളുടെ അഭാവം
2. ഗണിത ലാബിന്റെ അഭാവം

| കാരണങ്ങൾ | | പരിഹാരങ്ങൾ |
|---|---|---|
| 1 | പ്രൈമറി ക്ലാസുകളിലെ അടി സ്ഥാന ആശയങ്ങളിൽ ഉള്ള ധാരണക്കുറവ് | എട്ടാം ക്ലാസിൽ മുന്നറിവ് പരിശോധന നടത്തുന്നു |
| 2 | ഗണിതത്തോടുള്ള വിരസത | ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുന്ന ധാരാളം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക ഗണിത ക്ലിനിക്കുകൾ ഗണിതശാസ്ത്ര ലാബ്, ഹൈടെക് ക്ലാസ്സ്റൂം, സ്ലൈഡ് ഷോ, ഗണിതമാഗസിൻ നിർമ്മാണം |
| 3 | ഗണിത ആശയങ്ങൾ നിത്യ ജീവി തവുമായി ബന്ധപ്പെടുത്താനുള്ള പ്രയാസം | ഗണിത ആശയങ്ങൾ നിത്യജീവിതവുമായി കഴിയുന്നതും ബന്ധപ്പെടുത്തുക |
| 4 | ആശയങ്ങൾ കൃത്യമായി വിനി മയം ചെയ്യാനുള്ള സമയക്കുറവ് | |
| 5 | എല്ലാ വീടുകളിലും നല്ല പഠനാന്ത രീക്ഷം ഉറപ്പാക്കാൻ കഴിയുന്നില്ല | |

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രൈമറി ക്ലാസുകളിലെ അടി സ്ഥാന ആശയങ്ങൾ പട്ടികപ്പെടു ത്തുക | വിഷയ സമിതി | മെയ് അവസാന ആഴ്ച | | |
| പ്രീ ടെസ്റ്റ് നടത്തുക | വിഷയസമിതി | ജൂൺ ആദ്യവാരം | 300 | |
| മൂല്യനിർണയം നടത്തുക | വിഷയസമിതി | ജൂൺ ആദ്യവാരം | | |
| ഫലംപ്രസിദ്ധപ്പെടുത്തുക, ക്രോഡീക രിക്കുക, അവലോകനം ചെയ്യുക | വിഷയ സമിതി | ജൂൺ രണ്ടാം വാരം | | |
| എസ് ആർ ജി, ക്ലാസ് പി.ടി.എ എന്നീ വേദികളിൽ അവതരിപ്പി ക്കുക | വിഷയ സമിതി | ജൂൺമൂന്നാം വാരം | | |
| പിന്നോക്കക്കാർക്ക് വൈകുന്നേരങ്ങ ളിലും ഉച്ചയ്ക്കും പരിഹാരബോധനം നടത്തുന്നു | വിഷയ സമിതി | ജൂൺ മൂന്നാം വാരം | | |
| 8,9,10 ക്ലാസുകളിലെ ഓരോ പാഠഭാഗ ത്തിലെയും ആശയങ്ങൾ പട്ടികപ്പെടു ത്തുന്നു. ഐ.സി.ടി. സാധ്യതകൾ പട്ടി കപ്പെടുത്തുന്നു. പ്രവർത്തനങ്ങൾ നട പ്പിലാക്കുന്നു | വിഷയ സമിതി | പാഠഭാഗങ്ങൾ പ ഠിപ്പിക്കേണ്ടതിന് തൊട്ടുമുമ്പുള്ള മാ സം (ദീർഘകാല പ്രവർത്തനം) | | |
| ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുന്നു | വിഷയ സമിതി | ജൂൺ ആദ്യവാരം | | |
| വിദഗ്ധരെ കണ്ടെത്തി ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഗണിത ക്ലബ്ബ് | സെപ്റ്റംബർ മുതൽ | | DSMA (District School Mathematics Association) |
| പഠനോപകരണങ്ങൾ പട്ടിക തയ്യാറാ ക്കൽ | ഗണിത ക്ലബ്ബ് | ഓരോ മാസവും | | |
| ഗണിത മേളക്ക് തയ്യാറെടുക്കുന്നു | ഗണിത ക്ലബ്ബ് | ആഗസ്റ്റ് മുതൽ | | |
| ഗണിത മാഗസിൻ നിർമ്മിക്കുന്നു | ഗണിത ക്ലബ്ബ് | ആഗസ്റ്റ് ആദ്യവാരം | 500 | |
| ഗണിത പുസ്തക സമാഹരണം | ഗണിത ക്ലബ്ബ് | ജൂൺമുതൽ | | |
| ഗണിത ക്ലിനിക്കുകളുടെ പ്രവർത്തനം മുന്നോക്കക്കാർ ഡോക്ടർമാരായി വിഷയ പഠനം | ഗണിത ക്ലബ്ബ് | ഒക്ടോബർ മുതൽ | | |
| അയൽപക്ക പഠന കൂട്ടായ്മ സംഘടിപ്പിക്കുന്നു | പി ടി എ | ജനുവരി അവസാന വാരം മുതൽ | | |

# കല

കലകൾക്ക് മാനവ സംസ്കാരതോളം പഴക്കം ഉണ്ട്. തലമുറകളെ തമ്മിൽ കൂട്ടിയിണക്കുന്ന ഉദാത്തമായ കണ്ണിയാണ് കല. സുകുമാര കലകളെ പറ്റിയുള്ള ധാരണകളും നേടുക എന്നതും വിദ്യാഭ്യാസം തന്നെയാണ്. പഠനം കൂടുതൽ അനുഭാവധിഷ്ഠിതവും അർത്ഥപൂർണവും ആയ രീതിയിൽ ആസ്വാദ്യകരമാക്കുക എന്നത് നൂതന പദ്ധതിയുടെ സമീപനമാണ്. എല്ലാ കലകളും ആസ്വാദ്യകരമായ അനുഭവങ്ങളെ പ്രദാനം ചെയ്യുന്നവയാണ്. അതിനാൽ ആധുനിക പാഠ്യ പദ്ധതിയുടെ അടിസ്ഥാന ആശയങ്ങൾ കലാ പാഠ്യ പദ്ധതിയുടെ ഭാഗം തന്നെയാണ്. സഹപഠനം, സംഘപ്രവർത്തനം തുടങ്ങി ആധുനിക പദ്ധതികൾ ആധാരമാക്കുന്ന പ്രവൃത്യാധിഷ്ഠിത പഠനം കലാ പഠനത്തിൽ അന്തർലീനമാണ്. കുട്ടികളുടെ പഠനത്തിന് പൂർണത ലഭിക്കുവാനും മറ്റ് ക്രിയാത്മക പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാനും കലയുടെ ഇടപെടൽ അനിവാര്യമാകുന്ന കാലമാണിത്. ലോകത്തെ സമസ്തമേഖലകളെയും സ്പർശിക്കുന്ന ശാസ്ത്രത്തിന്റെയും പ്രകൃതിയുടെയും സമൂഹത്തിന്റെയും സങ്കീർണമായ പ്രശ്നങ്ങളിൽ കലാവിഷ്കാരങ്ങളിലൂടെ സാമാന്യ ജനങ്ങളിൽ അവബോധമെത്തിക്കാനുള്ള മാധ്യമം കൂടിയാണ് കല. ഇവിടെ കുട്ടികളുടെ പങ്ക് ചെറുതല്ല. സമകാലിക വിഷയങ്ങളിൽ പോലും കുട്ടികൾ ഇടപെടുക എന്നതാണ് ഇന്ന് കാലഘട്ടം ആവശ്യപ്പെടുന്നതും. കലയുടെ വഴികൾ പരിചയപ്പെടുത്തിക്കൊടുക്കുകയും അതുവഴി സഞ്ചരിക്കാൻ അവരെ പര്യാപ്തമാക്കുകയുമാണ് പ്രധാനം, അതാണ് രക്ഷകർത്താക്കളും അധ്യാപകരും ചെയ്യേണ്ടതും.

**ലക്ഷ്യങ്ങൾ**

സർഗാത്മകത, ആശയസംപുഷ്ടത, ശാസ്ത്രബോധം, സ്വാശ്രയത്വം, പാരസ്പര്യം എന്നിവ അടിസ്ഥാനഘടകങ്ങളായി ഉൾച്ചേർത്തുകൊണ്ടാണ് കുട്ടികളിൽ കലാപഠനം സാധ്യമാക്കുക.

**പ്രശ്നങ്ങൾ**

- ഇപ്പോൾ കലാപഠനത്തിൽ നിരവധി പരീക്ഷണങ്ങളും പഠനങ്ങളും പരിശീലനങ്ങളും നടക്കുന്നുണ്ടെങ്കിലും കുട്ടികളിൽ കലാപഠനത്തിനുള്ള സാധ്യതകൾ വേണ്ടത്ര അവരുടെ പഠനത്തിലും ജീവിതത്തിലും ഉപയോഗപ്പെടുത്തുന്നില്ല.
- കലാ അധ്യാപകരുടെ കുറവ്
- സാമ്പത്തിക ബുദ്ധിമുട്ടുകൾ
- അവബോധത്തിന്റെ കുറവ് : കലയുടെ പ്രാധാന്യം കുറച്ചുകൂട്ടിയുള്ള അവബോധം കുറവ്
- പഠനസാഹചര്യങ്ങളുടെ അഭാവം: കലാപഠനത്തിനുള്ള മികച്ച സൗകര്യങ്ങൾ, പരിശീലനങ്ങൾ, ആധുനിക ഉപകരണങ്ങൾ എന്നിവയുടെ അഭാവം.
- അസന്തോഷം : കലാ പഠനത്തിന് ചിലപ്പോൾ കുറഞ്ഞ കരിയർ സാധ്യതകൾ ഉണ്ടാകാം, അതിന്റെ ഫലമായി, വിദ്യാർത്ഥികൾക്ക് പ്രേരണ കുറവായേക്കാം.
- ശാസ്ത്രീയ മാനദണ്ഡങ്ങളുടെ കുറവ് : കലയുടെ മൂല്യം കണക്കാക്കാൻ ശാസ്ത്രീയ രീതികൾ പര്യാപ്തമല്ല.

## അക്കാദമികം

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ ധാരണകൾ ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

2. കുട്ടികൾ മുന്നറിവ് നേടാതെയാണ് എട്ടാം ക്ലാസ്സിലേക്ക് പ്രവേശിക്കുന്നത്

3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, നൂതന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രശ്നങ്ങൾ എന്നിവ നേരിടുന്നു.

## ഭൗതികം

1. കലാപഠനം എല്ലാ കുട്ടികളിലും എത്തിക്കാൻ വേണ്ട പ്രത്യേകം ക്ലാസ്സ് മുറികൾ ഒരുക്കണം.
2. ICT പഠനത്തിന് ആവശ്യമായ സൗകര്യമില്ല
3. പാർശ്വവൽക്കരിക്കപ്പെട്ടവരെ പ്രത്യേകം ശ്രദ്ധിക്കാൻ കഴിയുന്നില്ല

## പ്രവർത്തനങ്ങൾ

- പ്രത്യേകം ക്ലാസ്സ്റൂം ഒരുക്കുക.
- ക്ലബ്ബ് പ്രവർത്തനം
- സാമൂഹ്യബോധവും വൈകാരികബുദ്ധിയും മാനവികതാബോധവും ഔചിത്യവും ചേരുന്ന വൈജ്ഞാനിക വികാസത്തിന് ഉതകുന്ന തരത്തിലുള്ള കലാപഠന പ്രവർത്തനങ്ങൾ
- ചിത്രകല സംഗീതം നൃത്തം ശിൽപകല ശില്പശാലകൾ
- സ്കൂളിൽ ആർട്ട് ഗ്യാലറികൾ സ്ഥാപിക്കുക
- അവിടെ ചിത്ര-ശിൽപകലയുടെ ചരിത്രം പ്രതിപാദിക്കുന്ന ചിത്രങ്ങൾ, കുട്ടികൾ വരച്ച ചിത്രങ്ങൾ (ഇവ രണ്ടുമാസത്തിലൊരിക്കൽ മാറ്റി പ്രദർശിപ്പിക്കണം), താൽപര്യമുള്ള അധ്യാപകൻ വരച്ച ചിത്രങ്ങൾ ഇവ ഇവിടെ പ്രദർശിപ്പിക്കാം. കുട്ടികൾ തന്നെ പ്രദർശനം കാണാൻ വരുന്ന രക്ഷകർത്താക്കൾക്കും മറ്റുള്ളവർക്കും ചിത്രങ്ങളെക്കുറിച്ചും കലാചരിത്രത്തെക്കുറിച്ചും വിശദീകരിച്ച് സംസാരിക്കണം.
- നാടിന്റെ പ്രത്യേകതയും സംസ്കാരവും ഇഴചേർത്ത് സ്കൂൾമുറ്റത്ത് ശിൽപോദ്യാനം നിർമിക്കുക. അതുവഴി സ്കൂൾ മുറ്റത്തെ ഔഷധസസ്യങ്ങളെ പരിചയപ്പെടാൻ കഴിയും. ലാൻഡ് സ്കേപ്പിംഗ്, ശിൽപരചനയുടെ സാങ്കേതികത്വം ഇവ കുട്ടികൾക്ക് മനസ്സിലാക്കാനുമാവുന്നു.
- വർഷത്തിലൊരിക്കൽ പുതുവത്സരവുമായി ബന്ധപ്പെട്ടുമൊക്കെ ഉത്സവച്ഛായയോടെ 'പങ്കാളിത്തകല' യ്ക്ക് രൂപം കൊടുക്കുക. സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കലാവിഷ്കാരങ്ങൾ സംഘടിപ്പിച്ച് അവരെ പങ്കാളിയാക്കാം. രക്ഷകർത്താക്കളും നാട്ടുകാരും ഉൾപ്പെടുന്ന വിപുലമായ ഒരു പങ്കാളിത്തത്തിന് വഴിയൊരുക്കാം.

# കായികം

## പ്രവർത്തനങ്ങൾ

- കായികപഠനത്തിന് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ഇനം തിരിക്കൽ
- നിശ്ചിത മേഖലയിൽ (ഫുട്ബോൾ, ബാഡ്മിൻ്റൺ, വോളിബോൾ, കബഡി) കുട്ടികളുടെ ശേഷി കണ്ടെത്താനുള്ള പ്രവർത്തനം
- ഫുട്ബോൾ, വോളിബോൾ അത്‌ലറ്റിക്സ്, കബഡി, ബാഡ്മിൻ്റൺ എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി കണ്ടെത്തി അവരെ ഇനം തിരിക്കൽ
- വിദഗ്ധ പരിശീലനത്തിനുള്ള പരിശീലകരെ കണ്ടെത്താൻ പരശീലനത്തിനാവശ്യമായ പ്രതലങ്ങൾ കണ്ടെത്തൽ.

## പദ്ധതി നിർവ്വഹണം

- കുട്ടികളുടെ ശേഷി കണ്ടെത്തി ഇനം തിരിച്ചതിന് ശേഷം ഓരോ ഇനത്തിലും പരിശീലനത്തിൽ പങ്കെടുക്കുന്നത് കൊണ്ടുള്ള നേട്ടങ്ങളും ഭാവിയിൽ അതിനുള്ള സാധ്യതകളും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ ബോധവൽക്കരിക്കൽ
- ഓരോ ഗെയിമിൻ്റെയും Rules and Regulations പരിചയപ്പെടൽ
- മാനസികസമ്മർദ്ദം കുറക്കുന്നതിന് യോഗ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- സ്വയ രക്ഷക്കായുള്ള കരാത്തെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- കുട്ടികളെ ഇനം തിരിച്ചതിന് ശേഷം പ്രാഥമികശേഷിക്കായുള്ള പരിശീലനം ആരംഭിക്കൽ.
- മികവുപുലർത്തുന്ന കുട്ടികളെ ദീർഘകാലാടിസ്ഥാനത്തിലുള്ള പരിശീലന ക്യാമ്പിലേക്ക് തെരെഞ്ഞെടുക്കൽ
- മത്സരപരിചയം നേടുന്നതിനായി Practice Matches സംഘടിപ്പിക്കുന്നു.

**മത്സരങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ**

- ➔ Dribbling Drills
- ➔ Turning Drills
- ➔ Crossing Drills
- ➔ Heading Drills
- ➔ Tackling Drills
- ➔ Passing Drills
- ➔ Shooting Drills
- ➔ Bali control and footwork Drills
- ➔ Volleyball – Blocking, Setting, Smashing, Serving etc.
- ➔ Badminton – Serving, Smashing, Receiving, Drop Shot

**കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം**

- Running
- Jogging
- Stepping
- Push Up
- Sit Ups
- Long Race
- Sprintrun
- Weight Training

## പ്രവൃത്തി പരിചയം

പ്രവൃത്തി പരിചയവുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ ആസൂത്രണം ചെയ്യുന്നത്. വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തിപരിചയ വിദ്യാഭ്യാസം അനിവാര്യമാണ്. ഓരോ പ്രവൃത്തിപഠന ക്ലാസ്സിന്റെയും അടിത്തറ മാനവശേഷി വികസനമായിരിക്കണം. തൊഴിലിനോട് ആഭിമുഖ്യ മുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ തലമുറയെ വാർത്തെടുക്കുന്നതും പ്രവൃത്തി പഠനത്തിന്റെ ലക്ഷ്യങ്ങളാണ് അക്കാദമികം, ഭൗതികം, സാമൂഹികവുമായ പ്രശ്നങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങളും രൂപരേഖയുമാണ് ചുവടെ കൊടുത്തിട്ടുള്ളത്.

### അക്കാദമികം.

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ ധാരണകൾ ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2. കുട്ടികൾ മുന്നറിവ് നേടാതെയാണ് എട്ടാം ക്ലാസ്സിലേക്ക് പ്രവേശിക്കുന്നത്
3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ നൂതന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രശ്നങ്ങൾ എന്നിവ നേരിടുന്നു.

### ഭൗതികം

1.പ്രവൃത്തിപഠനം എല്ലാ കുട്ടികളിലും എത്തിക്കാൻ വേണ്ട പ്രത്യേകം ക്ലാസ്സ് മുറികൾ ഒരുക്കണം.
2. ICT പഠനത്തിന് ആവശ്യമായ സൗകര്യമില്ല
3. പാർശ്വവൽക്കരിക്കപ്പെട്ടവരെ പ്രത്യേകം ശ്രദ്ധിക്കാൻ കഴിയുന്നില്ല

**പ്രശ്നവിശകലനം**

1. യു.പി തലം മുതൽ കുട്ടികൾക്ക് മുന്നറിവ് കൊടുക്കണം
2 എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ എന്നിവ നേടാൻ കഴിയുന്നില്ല

**കാരണങ്ങൾ**

- മുൻക്ലാസ്സുകളിൽ മുന്നറിവ് നേടാത്തത്
- പ്രവൃത്തിപരിചയ അധ്യാപകരുടെ കുറവ്
- അസംസ്കൃതവസ്തുക്കളുടെ ലഭ്യതകുറവ്
- വ്യക്തിഗതമായ പ്രശ്നങ്ങൾ

**പരിഹാരനിർദ്ദേശങ്ങൾ**

- യു.പി തലം മുതൽ കുട്ടികൾക്ക് ചെറിയതോതിലുള്ള പരിശീലനം കൊടുക്കുക.
- പ്രത്യേകം ക്ലാസ്സ്റൂം ഒരുക്കുക.
- പദ്ധതി പ്രവർത്തനം
- ക്ലബ്ബ് പ്രവർത്തനം
- ICT പഠനം ഉറപ്പ് വരുത്തൽ

**രക്ഷിതാക്കൾ**

- പ്രവൃത്തിപരിചയപഠനത്തിന് പ്രാമുഖ്യം കൊടുക്കണം

**ഉപപ്രവർത്തനങ്ങൾ**

| **ഹ്രസ്വ കാലം** | | |
|---|---|---|
| തനതുപ്രവർത്തനം നടത്തി മുൻക്ലാസ്സുകളിൽ കിട്ടിയ അറിവിനെ കണ്ടെത്തുക | ജൂൺ ആദ്യവാരം | ഒറിഗാമി |
| പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കൊടുക്കുക ഉപയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കൽ | ജൂൺ രണ്ടാം വാരം | ശുചീകരണ വസ്തുക്കൾ |
| ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുന്നു | ജൂലായ് | ചുറ്റുപാടുള്ള ഔഷധ ചെടികളെ പരിചരിക്കുന്നു |
| 8,9 ക്ലാസ്സുകളിലെ പാഠഭാഗത്തിനനുസൃതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു | ആഗസ്റ്റ് | ബുക്ക് ബൈന്റിംഗ് കവർ നിർമ്മാണം |
| പ്രവൃത്തിപഠനമേഖലകളെ അടിസ്ഥാനപ്പെടുത്തി വിഭവലഭ്യതയ്ക്കനുസരിച്ച് പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. | സപ്തംബർ | ലളിതമായ പാചകരീതികൾ |
| പ്രവൃത്തി പരിചയമേളകൾക്ക് തയ്യാറാക്കുന്നു. സ്കൂൾ തല മേള നടത്തുന്നു. | | |
| ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രവർത്തനം | ഒക്ടോബർ | ഗ്രീറ്റിംഗ് കാർഡ്,<br>സ്റ്റാർ,<br>ഒറിഗാമി,<br>പ്രവൃത്തി പരിചയ മ്യൂസിയം |

| **ദീർഘകാലപ്രവർത്തനം** | | |
|---|---|---|
| വിദഗ്ദരെ കണ്ടെത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ജൂൺ – ജനുവരി | തയ്യൽ, എംബ്രോയഡറി |
| പാഠഭാഗത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങളുടെ തുടർച്ച | | നൂതനപ്രവർത്തനങ്ങൾ |
| പ്രവർത്തനങ്ങളുടെ തുടർച്ച | | പേപ്പർബാഗ്,<br>ഫയർബോഡ്<br>റൈറ്റിംഗ്ബോർഡ്,<br>പൂക്കൾ നിർമ്മാണം,<br>ഗണിത രൂപങ്ങൾ |

# ദിനാചരണങ്ങൾ

| തിയ്യതി | പരിപാടി | ചുമതല |
|---|---|---|
| 3 ജൂൺ | SRG യോഗം | SRG കൺവീനർ |
| 5 ജൂൺ | ലോക പരിസ്ഥിതി ദിനം | പരിസ്ഥിതി ക്ലബ് |
| 9 ജൂൺ | പ്രീ ടെസ്റ്റ് (മുന്നറിവ് പരിശോധന) ക്ലാസ് 8 | സീനിയർ അസിസ്റ്റന്റ്, SRG വിജയോത്സവം കൺവീനർ |
| 12 ജൂൺ | ലോക ബാലവേല വിരുദ്ധ ദിനം | SPC, JRC, SCOUT & GUIDES, LITTLE KITES |
| 12 ജൂൺ | SRG യോഗം | SRG കൺവീനർ |
| 14 ജൂൺ | അന്തർദേശീയ രക്തദാന ദിനം | JRC |
| 19 ജൂൺ | വായന ദിനം | എല്ലാ ക്ലബ്ബുകൾ, SPC, JRC, SCOUT & GUIDES, LITTLE KITES |
| 19 ജൂൺ | PTA യോഗം (ക്ലാസ് – 8) | SRG, CLASS TEACHERS |
| 21 ജൂൺ | അന്താരാഷ്ട്ര യോഗ ദിനം | സ്കൗട്ട് മാസ്റ്റർ |
| 21 ജൂൺ | ലോക സംഗീത ദിനം | ആർട്ട്സ് ക്ലബ് |
| 26 ജൂൺ | ലോക ലഹരി വിരുദ്ധ ദിനം | വിമുക്തി ക്ലബ്, ജാഗ്രത, SPC, JRC, SCOUT & GUIDES, LITTLE KITES |
| 1 ജൂലൈ | SRG യോഗം | SRG കൺവീനർ |
| 5 ജൂലൈ | ബഷീർ ദിനം | വിദ്യാരംഗം സാഹിത്യ വേദി, എല്ലാ ക്ലബ്ബുകൾ |
| 9 – 20 ജൂലൈ | യൂണിറ്റ് ടെസ്റ്റ് (8 , 9 , 10) | സീനിയർ അസിസ്റ്റന്റ്, വിജയോത്സവം കൺവീനർ |

| തിയ്യതി | പരിപാടി | ചുമതല |
|---|---|---|
| 11 ജൂലൈ | ലോക ജനസംഖ്യ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 18 ജൂലൈ | SRG യോഗം | SRG കൺവീനർ |
| 21 ജൂലൈ | ചാന്ദ്ര ദിനം | സയൻസ് ക്ലബ് |
| 25 ജൂലൈ | PTA യോഗം (ക്ലാസ് – 10) | SRG, CLASS TEACHERS |
| 27 ജൂലൈ | അബ്ദുൽ കലാം ഓർമ്മ ദിനം | SPC, JRC, SCOUT & GUIDES, LITTLE KITES |
| 28 ജൂലൈ | ലോക പ്രകൃതി സംരക്ഷണ ദിനം | പരിസ്ഥിതി ക്ലബ് |
| 29 ജൂലൈ | വാൻഗോഗ് ഓർമ്മ ദിനം | ആർട്ട്സ് ക്ലബ് |
| 30 ജൂലൈ | PTA യോഗം (ക്ലാസ് – 8, 9) | SRG, CLASS TEACHERS |
| 31 ജൂലൈ | പ്രേംചന്ദ് ജയന്തി | ഹിന്ദി ക്ലബ് |
| 1 ആഗസ്റ്റ് | SRG യോഗം | SRG കൺവീനർ |
| 2 ആഗസ്റ്റ് | SPC സ്ഥാപക ദിനം | SPC |
| 6 ആഗസ്റ്റ് | ഹിരോഷിമ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 7 ആഗസ്റ്റ് | ടാഗോർ ഓർമ്മ ദിനം | വിദ്യാരംഗം സാഹിത്യ വേദി |
| 9 ആഗസ്റ്റ് | ക്വിറ്റ് ഇന്ത്യ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 9 ആഗസ്റ്റ് | നാഗസാക്കി ദിനം | സോഷ്യൽ സയൻസ് ക്ലബ് |

| തിയ്യതി | പരിപാടി | ചുമതല |
| --- | --- | --- |
| 12 ആഗസ്റ്റ് | ലോക യുവജന ദിനം | സ്കൂൾ പാർലമെന്റ് |
| 13 ആഗസ്റ്റ് | ലോക അവയവദാന ദിനം | സയൻസ് ക്ലബ്, SPC, JRC, SCOUT & GUIDES, LITTLE KITES |
| 14 ആഗസ്റ്റ് | SRG യോഗം | SRG കൺവീനർ |
| 15 ആഗസ്റ്റ് | സ്വാതന്ത്ര്യ ദിനം | സോഷ്യൽ സയൻസ് ക്ലബ്, SPC, JRC, SCOUT & GUIDES, LITTLE KITES |
| 17 ആഗസ്റ്റ് | കർഷക ദിനം | പരിസ്ഥിതി ക്ലബ് |
| 19 ആഗസ്റ്റ് | സംസ്കൃത ദിനം | സംസ്കൃതം ക്ലബ് |
| 20 ആഗസ്റ്റ് | ശ്രീ നാരായണ ഗുരു ജയന്തി | സോഷ്യൽ സയൻസ് ക്ലബ് |
| 20 ആഗസ്റ്റ് | സദ്ഭാവന ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 28 ആഗസ്റ്റ് | അയ്യങ്കാളി ജയന്തി | സോഷ്യൽ സയൻസ് ക്ലബ് |
| 29 ആഗസ്റ്റ് | ദേശീയ കായിക ദിനം | സ്പോട്സ് ക്ലബ് |
| 2 സെപ്റ്റംബർ | SRG യോഗം | SRG കൺവീനർ |
| 5 സെപ്റ്റംബർ | ദേശീയ അധ്യാപക ദിനം | മുഴുവൻ അധ്യാപകർ |
| 8 സെപ്റ്റംബർ | ലോക സാക്ഷരത ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| സെപ്റ്റംബർ | പാദവാർഷിക പരീക്ഷ | പരീക്ഷ കമ്മിറ്റി |
| 13 സെപ്റ്റംബർ | ഓണാഘോഷം | |

| തിയ്യതി | പരിപാടി | ചുമതല |
|---|---|---|
| 14 സെപ്റ്റംബർ | ദേശീയ ഹിന്ദി ദിനം | ഹിന്ദി ക്ലബ് |
| 15 സെപ്റ്റംബർ | അന്താരാഷ്ട്ര ജനാധിപത്യ ദിനം | സ്കൂൾ പാർലമെന്റ്, സോഷ്യൽ സയൻസ് ക്ലബ് |
| 16 സെപ്റ്റംബർ | ഓസോൺ ദിനം | പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ് |
| 21 സെപ്റ്റംബർ | ശ്രീനാരായണ ഗുരുസമാധി ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 21 സെപ്റ്റംബർ | ലോക സമാധാന ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 26 സെപ്റ്റംബർ | ലോക ബധിര ദിനം | സ്കൂൾ സ്പെഷ്യൽ എഡ്യുക്കേറ്റർ |
| 27 സെപ്റ്റംബർ | ലോക വിനോദ സഞ്ചാര ദിനം | സ്കൂൾ ടൂൾ കൺവീനർ |
| 1 ഒക്ടോബർ | ലോക വയോജന ദിനം | SPC, JRC, SCOUT & GUIDES, LITTLE KITE |
| 2 ഒക്ടോബർ | ഗാന്ധി ജയന്തി (അന്താരാഷ്ട്ര അഹിംസ ദിനം) | ഗാന്ധിദർശൻ ക്ലബ്, സോഷ്യൽ സയൻസ് ക്ലബ് |
| 3 ഒക്ടോബർ | SRG യോഗം | SRG കൺവീനർ |
| 5 ഒക്ടോബർ | അന്താരാഷ്ട്ര അധ്യാപക ദിനം | മുഴവൻ അധ്യാപകർ |
| 9 ഒക്ടോബർ | ലോക തപാൽ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 10 ഒക്ടോബർ | ലോക മാനസികാരോഗ്യ ദിനം | സ്കൂൾ കൗൺസലർ |
| 13 ഒക്ടോബർ | സംസ്ഥാന കായിക ദിനം | സ്പോട്സ് ക്ലബ് |
| 15 ഒക്ടോബർ | ലോക വിദ്യാർത്ഥി ദിനം | സ്കൂൾ പാർലമെന്റ് |

| തിയ്യതി | പരിപാടി | ചുമതല |
|---|---|---|
| 16 ഒക്ടോബർ | ലോക ഭക്ഷ്യ ദിനം | പരിസ്ഥിതി ക്ലബ് |
| 17 ഒക്ടോബർ | ലോക ദാരിദ്ര്യ നിർമ്മാജന ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 17 ഒക്ടോബർ | SRG യോഗം | SRG കൺവീനർ |
| 24 ഒക്ടോബർ | ഐക്യരാഷ്ട്ര ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 30 ഒക്ടോബർ | ദേശീയ സമ്പാദ്യ ദിനം | സഞ്ചയിക കൺവീനർ |
| 1 നവംബർ | കേരളപ്പിറവി | വിദ്യാരംഗം സാഹിത്യ വേദി, SPC, JRC, SCOUT & GUIDES, LITTLE KITES |
| 3 നവംബർ | SRG യോഗം | SRG കൺവീനർ |
| 7 നവംബർ | സ്കൗട്ട് & ഗൈഡ്സ് സ്ഥാപക ദിനം | SCOUT & GUIDES |
| 10 നവംബർ | അന്താരാഷ്ട്ര ശാസ്ത്ര ദിനം | സയൻസ് ക്ലബ് |
| 11 നവംബർ | ദേശീയ വിദ്യാഭ്യാസ ദിനം | സ്കൂൾ പാർലമെന്റ് |
| 14 നവംബർ | ശിശു ദിനം | സോഷ്യൽ സയൻസ് ക്ലബ്, SPC, JRC, SCOUT & GUIDES, LITTLE KITES |
| 17 നവംബർ | SRG യോഗം | SRG കൺവീനർ |
| 26 നവംബർ | ഭരണഘടനാ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 30 നവംബർ | ലോക കമ്പ്യൂട്ടർ സുരക്ഷ ദിനം | LITTLE KITES |
| 2 ഡിസംബർ | SRG യോഗം | SRG കൺവീനർ |

| തിയ്യതി | പരിപാടി | ചുമതല |
|---|---|---|
| 2 ഡിസംബർ | ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം | LITTLE KITES |
| 3 ഡിസംബർ | മലിനീകരണ നിയന്ത്രണ ദിനം | പരിസ്ഥിതി ക്ലബ് |
| 3 ഡിസംബർ | ദേശീയ ഭിന്നശേഷി ദിനം | സ്കൂൾ സ്പെഷ്യൽ എഡ്യുക്കേറ്റർ |
| 5 ഡിസംബർ | അന്താരാഷ്ട്ര മണ്ണ് ദിനം | പരിസ്ഥിതി ക്ലബ് |
| 10 ഡിസംബർ | ലോക മനുഷ്യാവകാശ ദിനം | സ്കൂൾ പാർലമെന്റ് |
| 14 ഡിസംബർ | ഊർജ്ജ സംരക്ഷണ ദിനം | പരിസ്ഥിതി ക്ലബ് |
| 17 ഡിസംബർ | SRG യോഗം | SRG കൺവീനർ |
| 18 ഡിസംബർ | ലോക അറബി ഭാഷ ദിനം | അറബി ക്ലബ് |
| ഡിസംബർ | അർദ്ധവാർഷിക പരീക്ഷ | പരീക്ഷ കമ്മിറ്റി |
| 20 ഡിസംബർ | ക്രിസ്തുമസ് ആഘോഷം | |
| 22 ഡിസംബർ | ദേശീയ ഗണിത ദിനം | ഗണിത ക്ലബ് |
| 23 ഡിസംബർ | ദേശീയ കർഷക ദിനം | പരിസ്ഥിതി ക്ലബ് |
| 1 ജനുവരി | SRG യോഗം | SRG കൺവീനർ |
| 10 ജനുവരി | ലോക ഹിന്ദി ദിനം | ഹിന്ദി ക്ലബ് |
| 12 ജനുവരി | സ്വാമി വിവേകാനന്ദ ജയന്തി | സോഷ്യൽ സയൻസ് ക്ലബ് |

| തിയ്യതി | പരിപാടി | ചുമതല |
|---|---|---|
| 15 ജനുവരി | SRG യോഗം | SRG കൺവീനർ |
| 24 ജനുവരി | ദേശീയ ബാലിക ദിനം | ജാഗ്രത |
| 25 ജനുവരി | ദേശീയ വിനോദ സഞ്ചാര ദിനം | സ്കൂൾ ടൂർ കൺവീനർ |
| 26 ജനുവരി | റിപ്പബ്ലിക് ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 30 ജനുവരി | രക്തസാക്ഷി ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 2 ഫെബ്രുവരി | SRG യോഗം | SRG കൺവീനർ |
| 2 ഫെബ്രുവരി | ലോക തണ്ണീർതട ദിനം | പരിസ്ഥിതി ക്ലബ് |
| 7 ഫെബ്രുവരി | ഇന്റർനെറ്റ് സുരക്ഷ ദിനം | LITTLE KITES |
| 21 ഫെബ്രുവരി | ലോക മാതൃഭാഷ ദിനം | വിദ്യാരംഗം സാഹിത്യ വേദി |
| 28 ഫെബ്രുവരി | ദേശീയ ശാസ്ത്ര ദിനം | സയൻസ് ക്ലബ് |
| 1 മാർച്ച് | SRG യോഗം | SRG കൺവീനർ |
| 3 മാർച്ച് | ലോക വന്യജീവി ദിനം | പരിസ്ഥിതി ക്ലബ് |
| 8 മാർച്ച് | ലോക വനിത ദിനം | SPC, JRC, SCOUT & GUIDES, LITTLE KITES |
| മാർച്ച് | പൊതു പരീക്ഷ | |